# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 22, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--255]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 4328 മുതൽ 4406 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : 4407 മുതൽ 4456 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : 4457 മുതൽ 4522 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : 4523 മുതൽ 4582 വരെ |

### ദേശീയ പെൻഷൻ പദ്ധതി

4328. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പെൻഷൻ പദ്ധതി (NPS) നിലവിൽ വന്ന ശേഷം പി.എസ്.സി മുഖേന നിയമനം ലഭിച്ച എത്ര ജീവനക്കാരാണ് സർക്കാർ സർവ്വീസിൽ നിലവിലുള്ളത്;

(ബി) ഇത് വഴി എത്ര രൂപയാണ് സർക്കാരിന് പെൻഷൻ വിഹിതമായി ജീവനക്കാർ അടച്ചിട്ടുള്ളത്; ഈയിനത്തിൽ സർക്കാരിന്റെ വിഹിതവും കൂടി എത്ര രൂപയാണ് ഇതുവരെ ലഭ്യമായത്;

(സി) പ്രസ്തുത തുക ഇപ്പോൾ എവിടെയാണ് നിക്ഷേപിക്കുന്നത്; വിശദമാക്കാമോ?

### പൊതുഭരണ വകുപ്പിലെ വിവിധ ഒഴിവുകൾ

4329. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡർ മുതൽ അസിസ്റ്റന്റ് വരെ ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ വരുന്ന മുറയ്ക്ക് അത് നികത്തുന്നതിന് നടപടികൾ ഉണ്ടാകുമോ?

### പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

4330. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നോ;എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിൻപ്രകാരം ഓരോ വകുപ്പും എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തു; തസ്തികകളും വകുപ്പും തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ ഏതെല്ലാമായിരുന്നു; ഈ വകുപ്പുകളുടെ പേരിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) ഇപ്രകാരം റിപ്പോർട്ടു ചെയ്ത ഒഴിവുകളിൽ എത്ര പേർക്ക് പി.എസ്.സി നിയമന ശുപാർശയും നിയമനവും

നൽകി?

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.ക്ലാർക്ക് നിയമനം

4331. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015മാർച്ച് 31 ന് കാലാവധി തീർന്ന തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനോടകം വിവിധ വിഭാഗങ്ങളിൽനിന്നും ഏതെല്ലാം റാങ്ക് വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) 2015 മാർച്ച് 31 വരെ വിവിധ വകുപ്പുകളിൽ നിന്നും എൽ.ഡി. ക്ലാർക്ക് തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിൽ എത്ര ഒഴിവുകളിലേക്ക് ഇനിയും പി.എസ്.സി. അഡ്വൈസ് മെമ്മോ അയയ്ക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ

4332. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാളിതുവരെ നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) അതിനായി കേന്ദ്രത്തിൽ നിന്ന് എത്ര തുകയുടെ ധനസഹായം ലഭ്യമായി ; വിശദാംശം ലഭ്യമാക്കാമോ ;

(സി)

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

4333. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കുന്നംകുളം നിയോജകമണ്ഡലത്തിൽ തലപ്പിള്ളി താലൂക്കാഫീസ് മുഖേന എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ട്:

(ബി) ഇതിൽ ചികിത്സാ ധനസഹായം അനുവദിച്ചവരുടെ എണ്ണവും തുകയും വ്യക്തമാക്കുമോ;

(സി) ഇതിൽ അപകടമരണത്തിന് ധനസഹായം അനുവദിച്ച ആശ്രിതരുടെ എണ്ണവും പേരുവിവരവും അവർക്ക് ഓരോരുത്തർക്ക് അനുവദിച്ച തുകയും വ്യക്തമാക്കുമോ ?

പി. എസ്. സി. പരീക്ഷകളിൽ അത്യാധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം

4334. **ശ്രീ.കെ.എസ്.ശബരീനാഥൻ**
**,, ഐ.സി.ബാലകൃഷ്ണൻ**
**,, കെ.മുരളീധരൻ**
**,, എ.റ്റി.ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിനും വേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ?

## എൽ.ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ

4335. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ നിലവിലുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) ജില്ലാതലത്തിലും ഹെഡ് ക്വാർട്ടേഴ്സ് തലത്തിലും ഉള്ള ഒഴിവുകളുടെ എണ്ണം ഇനം തിരിച്ചു ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## പി.എസ്.സി യിലെ അഴിമതിയും ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളും .

4336. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി എന്ന ഭരണഘടനാ സ്ഥാപനത്തിലെ കെടുകാര്യസ്ഥതയും അഴിമതിയും സംബന്ധിച്ച് സംസ്ഥാനത്തെ ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും ഇവയ്ക്ക് പ്രശ്ന പരിഹാരം നടക്കാത്തതുമൂലവും ബഹു. ഗവർണ്ണർ തന്നെ തനിക്കുലഭിച്ച പരാതികളിന്മേൽ അന്വേഷണവും റിപ്പോർട്ടും ആവശ്യപ്പെടുന്നത് ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഏതു കാലഘട്ടത്തിൽ ;

(ബി) 2011 മുതൽ 2015 വരെ പി.എസ്.സി യ്ക്ക് ലഭിച്ച കേന്ദ്ര/സംസ്ഥാന ഫണ്ടുകളിൽ വകമാറ്റി ചിലവാക്കിയ തുക എത്രയെന്നു വ്യക്തമാക്കാമോ; അവയ്ക്ക് സർക്കാർ അനുമതി ലഭിച്ചുവോ എന്നും സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ചു പദ്ധതി/പദ്ധതിയിതര വിഹിതം വിനിയോഗിച്ച കേസ്സുകൾ ഏതെല്ലാം എന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) പി.എസ്.സി 2011 മുതൽ 2015 വരെ ഓരോ വർഷവും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ എവിടെല്ലാം തുടങ്ങി; എത്ര എണ്ണം ഇപ്പോൾ പണിപ്പുരയിലാണ്; ഇവയ്ക്കോരോന്നിനും പ്രതീക്ഷിച്ച തുക എത്ര; ചെലവായ തുക എത്ര ; ഓരോ കേന്ദ്രത്തിൻേറയും പണി നടത്തിയവർ ആരെല്ലാം (സ്ഥാപനം) എന്നിവ വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി പരീക്ഷയ്ക്ക് ഒരു വിദ്യാർത്ഥിക്ക് എത്ര രൂപ ചെലവാണ് പി.എസ്.സി യുടെ നിലനിൽക്കുന്ന പരീക്ഷാ സമ്പ്രദായത്തിനുള്ളത് ; ഓൺലൈൻ ആയാൽ പി.എസ്.സി പ്രതീക്ഷിക്കുന്ന പരീക്ഷാ ചെലവ് എത്ര ; ഇപ്പോൾ തുടങ്ങിയ ഓൺലൈൻ കേന്ദ്രങ്ങൾക്ക് ചെലവായ തുക എത്ര ; പണികൾ നടത്തിയവർ ആരെല്ലാം (കമ്പനി ഉൾപ്പെടെ ), പ്രസ്തുത കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുവാനെത്തുന്ന ഉദ്യോഗാർത്ഥിക്ക് ഉണ്ടാകുന്ന (പി.എസ്.സി കണക്കുപ്രകാരമുള്ള )ചെലവു എത്ര ;വ്യക്തമാക്കുമോ ;

(ഇ) നിലവിൽ പ്രവർത്തനമാരംഭിച്ച ഓൺലൈൻ സെൻററുകളിൽ ഒരു ദിവസം എത്ര ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുവാൻ കഴിയും; മറ്റു സ്ഥാപനങ്ങളെ ഇതിനായി പി.എസ്.സി ഉപയോഗിക്കുന്നുവോ; ഓരോ വർഷവും ഇതിനായി എത്ര തുക ചെലവു വരും ;മറ്റു സ്ഥാപനങ്ങൾ വാടകയ്ക്കുപയോഗിക്കുന്നതിന് എത്ര ചെലവു വരും ;ഇവ വ്യക്തമാക്കുക ;

## പി.എസ്.സി യുടെ പ്രവർത്തനം

4337. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി യുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി 2011 മുതൽ 2015 വരെ ഓരോ വർഷവും ലഭിച്ച കേന്ദ്രസഹായം/സംസ്ഥാന സർക്കാർ സഹായം എത്ര എന്നും ഇവ ഏതെല്ലാം ആവശ്യങ്ങൾക്കായി എത്ര തുക വീതം ചിലവാക്കി എന്നും വ്യക്തമാക്കുമോ;

(ബി) കമ്മീഷൻ 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു എന്നും ഓരോ പരീക്ഷാ നടത്തിപ്പിനുമായി എത്ര തുക വീതം ചിലവാക്കിയെന്നുമുള്ള വിശദമായ

സ്റ്റേറ്റ്മെൻറ് ലഭ്യമാക്കുമോ;

(സി) നിലവിൽ കമ്മീഷന്റെ സാമ്പത്തിക സ്ഥിതി എന്താണ് എന്നും, എന്തെങ്കിലും അധിക സാമ്പത്തിക സഹായം സർക്കാരിനോട് ആവശ്യപ്പെട്ടുവോ എന്നും എങ്കിൽ എന്തിനാണ് എന്നും വ്യക്തമാക്കുമോ;

(ഡി) സാമ്പത്തിക പ്രതിസന്ധി കാരണം പരീക്ഷാ നടത്തിപ്പ് നിർത്തിവയ്ക്കേണ്ടിവരും എന്ന് പി.എസ്.സി അറിയിച്ചുവോ; എങ്കിൽ പി.എസ്.സി യിലെ ഭരണനിർവ്വഹണത്തിലുള്ള അഴിമതിയും കെടുകാര്യസ്ഥതയും സംബന്ധിച്ച് ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷണം നടത്തുമോ;

(ഇ) 2011 മുതൽ 2015 വരെ കമ്മീഷൻ പ്രതിവർഷം എത്ര തുകയുടെ ഏതെല്ലാം നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും വാഹനങ്ങൾ, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## പി.എസ്.സി യിൽ വാങ്ങിയ വിവിധ സാധനസാമഗ്രികൾ

4338. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി 2011 മുതൽ 2015 വരെ ഓരോ വർഷവും പുതുതായി എത്ര കാറുകൾ ഉൾപ്പെടെ വാഹനങ്ങൾ, എൽ.ഇ.ഡി ഉൾപ്പെടെ വിവിധയിനങ്ങളിലുള്ള ടെലിവിഷനുകൾ, കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, ഐ-പാഡുകൾ വാങ്ങിയിട്ടുണ്ട്; ഏതു കമ്പനി സാധനങ്ങൾ എത്ര തുക വിലയ്ക്ക് വാങ്ങി എന്നും ഇതിനായി ഓരോ വർഷവും ചിലവായ തുക എത്ര എന്നും വ്യക്തമാക്കുമോ;

(ബി) 2011 മുതൽ 2015 വരെ പി.എസ്.സി ഉപയോഗിച്ചിരുന്ന ഏതെല്ലാം ഇനം വാഹനങ്ങൾ (പ്രവർത്തനക്ഷമമല്ലാത്തവ ) ലേലം ചെയ്തു വിറ്റു എന്നും അതുവഴി ഓരോ വർഷവും ലഭിച്ച തുക എത്ര എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ പി.എസ്.സി വാങ്ങിയ വാഹനങ്ങൾ, എൽ.ഇ.ഡി ഉൾപ്പെടെ വിവിധയിനം ടെലിവിഷനുകൾ, കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, ഐപാഡുകൾ എന്നിവയിൽ പി.എസ്.സി ചെയർമാനും മെമ്പർമാരും അവരുടെ ഓഫീസുകളും ഉപയോഗിക്കുന്നവ സംബന്ധിച്ച വിശദമായ സ്റ്റേറ്റുമെൻറ് ലഭ്യമാക്കുമോ;

(ഡി) പി.എസ്.സി യുടെ സാമ്പത്തിക കേന്ദ്ര/സംസ്ഥാന ഫണ്ട് വിനിയോഗം സംബന്ധിച്ച് സി ആൻറ് എ.ജി ഓഡിറ്റുകളിൽ 2011 മുതൽ 2015 വരെ കണ്ടെത്തിയ ക്രമവിരുദ്ധ വിനിയോഗങ്ങൾ എന്ത് എന്ന് വ്യക്തമാക്കുമോ?

## പി.എസ്.സി റാങ്ക് ലിസ്റ്റുകളും നിയമനവും

4339. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ; തസ്തിക തിരിച്ചുള്ള വിവരം നൽകുമോ ;ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ 01.03.2015 വരെ നിയമിച്ചിട്ടുണ്ട് ; വകുപ്പുതിരിച്ചുള്ള കണക്ക് നൽകുമോ ;

## ബി.എൽ.ഒ.മാരുടെ പ്രതിഫലം

4340. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 മുതൽ ബി.എൽ.ഒ.മാരായി സേവനം അനുഷ്ഠിക്കുന്ന അംഗൻവാടി ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് ഇനിയും പ്രതിഫലം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കളർ ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടതിന്റേതടക്കം ബി.എൽ.ഒ. മാർക്ക് നൽകാനുള്ള പ്രതിഫലം ഉടൻ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ശമ്പള / പെൻഷൻ പരിഷ്കരണം

4341. ശ്രീ.വി.ശിവൻകുട്ടി
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.റ്റി.വി.രാജേഷ്
,, പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും കേന്ദ്ര ശമ്പള / പെൻഷൻ പരിഷ്കരണ തുല്യത ഉറപ്പ് വരുത്തി ശമ്പളവും പെൻഷനും പരിഷ്കരിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) വേതന / പെൻഷൻ പരിഷ്കരണ കാര്യത്തിലുള്ള അനിശ്ചിതാവസ്ഥ ജീവനക്കാരിലും അദ്ധ്യാപകരിലും പെൻഷൻകാരിലും കടുത്ത ആശങ്കക്കിടയാക്കിയിരിക്കുന്നതായി അറിയാമോ; ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോ; റിപ്പോർട്ടിലെ ശുപാർശകൾ വെളിപ്പെടുത്താമോ; വിശദമാക്കാമോ;

(സി) ഈ പ്രശ്നത്തിൽ അനിശ്ചിതകാലപണിമുടക്ക് നോട്ടീസ് നൽകിയ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

വിവിധ വകുപ്പുകളിലെ താൽക്കാലിക നിയമനം

4342. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ വകുപ്പുകളിലായി എത്ര പേരെയാണ് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത് ;

(ബി) ഇതിൽ സർക്കാർ മുഖേനയും ഡിപ്പാർട്ടുമെന്റുകൾ മുഖേനയും നിയമനം ലഭിച്ചവർ എത്ര ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവർ എത്ര ;

(ഡി) താത്ക്കാലിക നിയമനം ലഭിച്ചവരിൽ എത്ര പേരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത് ?

തസ്തിക മാറ്റം വഴിയുള്ള എൽ.ഡി.സി.നിയമനം

4343. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തസ്തിക മാറ്റം വഴിയുള്ള എൽ.ഡി.സി ലിസ്റ്റിൽ നിന്നുള്ള നിയമനം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ നടപടി

4344. ശ്രീ.അൻവർ സാദത്ത്
,, കെ.മുരളീധരൻ
,, ടി.എൻ. പ്രതാപൻ
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി

4345. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ കൊട്ടാരക്കര താലൂക്കിൽ നിന്നും എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡ് ആക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ആയതിൽ എത്ര അപേക്ഷകൾ ബി.പി.എൽ വിഭാഗത്തിലേക്ക് മാറ്റി നൽകി ;അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>സൂപ്പർ ന്യൂമററി തസ്തിക</u>

4346. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് രണ്ടായിരത്തോളം അംഗപരിമിതരെ സർക്കാർ ജോലിയിൽ പ്രവേശിപ്പിച്ചതിനു ശേഷമുണ്ടായ സീനിയോരിറ്റി, പ്രൊമോഷൻ, മറ്റ് സർവ്വീസ് സംബന്ധിച്ച പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) അംഗപരിമിതരായ പുതിയ ജീവനക്കാരുടെ സീനിയോരിറ്റിയും മറ്റ് ആനുകൂല്യങ്ങളും അടിയന്തരമായി പുനസ്ഥാപിക്കാൻ നിർദ്ദേശം നൽകുമോ?

<u>കേസുകൾ പിൻവലിക്കൽ</u>

4347. ശ്രീ.ഇ.പി.ജയരാജൻ

ഡോ.കെ.ടി.ജലീൽ

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് നിയമാനുസൃതം എടുക്കുന്ന കേസുകൾ പിൻവലിക്കാൻ സർക്കാർ കോടതിയോടാവശ്യപ്പെടുന്നത് ഏത് നിയമവ്യവസ്ഥകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത അധികാരം ദുർവിനിയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മുൻചീഫ് സെക്രട്ടറി സി.പി.നായരെ വധിക്കാൻ ശ്രമിച്ച കേസ് പിൻവലിക്കാൻ ഉത്തരവ് പുറപ്പെടുവിച്ച് കോടതിയോടാവശ്യപ്പെടുകയുണ്ടായിട്ടുണ്ടോ ; ആരുടെ ആവശ്യത്തിന്മേൽ, ആരുടെ ശിപാർശപ്രകാരമായിരുന്നു പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) വിചാരണ ആരംഭിച്ചതുൾപ്പെടെയുള്ള കേസുകൾ പിൻവലിക്കുന്നത് അധികാര ദുർവിനിയോഗമാണെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ സർക്കാർ കേസ് പിൻവലിക്കാൻ പുറപ്പെടുവിച്ച ഉത്തരവുകൾ സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ; വിജിലൻസ് കേസുകൾ പിൻവലിക്കാൻ പുറപ്പെടുവിച്ച ഉത്തരവുകൾ എത്രയെന്നറിയിക്കുമോ?

<u>ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനായി കർമ്മ പദ്ധതികൾ</u>

4348. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, കെ.അച്ചുതൻ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഒഴിവുകൾ ഇ-മെയിൽ വഴി പി.എസ്.സി. യെ അറിയിക്കുവാനും യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

അരുവിക്കര നിയോജക മണ്ഡലത്തിലുള്ളവർക്ക് നല്കിയ സഹായം

4349. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏറ്റവും അവസാനമായി നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി മുഖേന, അരുവിക്കര നിയമസഭാ നിയോജക മണ്ഡലത്തിലെ എത്ര വ്യക്തികൾക്ക് സഹായം നൽകി എന്നും, അവർ ഓരോരുത്തരുടേയും മേൽവിലാസവും ലഭിച്ച സഹായം എന്തെന്നുമുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

മെഡിക്കൽ റീ-ഇംപേഴ്സ്‌മെന്റ് ഇനത്തിൽ ചെലവാക്കിയ തുക

4350. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും ഓരോ മന്ത്രിമാരും മെഡിക്കൽ റീ-ഇംപേഴ്സ്‌മെന്റ് ഇനത്തിലായി എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഭരണരംഗത്തെ അഴിമതി തുടച്ചുമാറ്റുന്നതു സംബന്ധിച്ച്.

4351. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണരംഗത്തുള്ളതായി പറയപ്പെടുന്ന അഴിമതി തുടച്ചുമാറ്റുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്തു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 1/4/2015 മുതൽ 30/6/15 വരെ എത്ര ഉദ്യോഗസ്ഥർക്ക് അഴിമതി/ കൈക്കൂലി കേസ്സുകളിൽ പെട്ട് സസ്പെൻഷൻ ലഭിക്കുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഭരണരംഗത്തെ അഴിമതി തുടച്ചുമാറ്റും എന്ന പ്രഖ്യാപനം ലക്ഷ്യം കണ്ടില്ല എന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ?

രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി- കോഴിക്കോട് ജില്ല

4352. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ജനസമ്പർക്ക പരിപാടിയിൽ കോഴിക്കോട് ജില്ലകളിൽ ലഭിച്ച പരാതികളിൽ 25000 രൂപയ്ക്ക് മുകളിൽ തുക നൽകിയ എത്ര കേസുകൾ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ; ഇതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ;

(സി) എം.എൽ.എ. മാരുടെ ശുപാർശയോടൊപ്പം ലഭിച്ച അപേക്ഷയിന്മേൽ ഈ സാമ്പത്തിക വർഷം 25000 രൂപയ്ക്ക് മുകളിൽ തുക അനുവദിച്ച എത്ര കേസുകൾ ഉണ്ട്;

(ഡി) ഈ അന്തരം സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജനസമ്പർക്ക പരിപാടിയിലും എം.എൽ.എ. മാരുടെ ശിപാർശയിന്മേലും ലഭിക്കുന്ന ചികിത്സാ ധനസഹായത്തിന്റെ അപേക്ഷയിന്മേൽ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ;

(എഫ്) സംസ്ഥാനത്ത് ഇത് രണ്ടുതരം നീതി സൃഷ്ടിക്കുന്നുവെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രവണത അവസാനിപ്പിച്ച് അർഹരായ രോഗികൾക്ക് അർഹമായ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## സർക്കാർ ഉത്തരവുകൾ എം.എൽ.എ. മാർക്ക് ലഭ്യമാക്കാൻ നടപടി

4353. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന എല്ലാ സർക്കാർ ഉത്തരവുകളും എം.എൽ.എ. മാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വകുപ്പുകളിലും, വിഭാഗത്തിലും ഉൾപ്പെടുന്ന സർക്കാർ ഉത്തരവുകളാണ് എം.എൽ.എ. മാർക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ:

(ബി) ഏതെങ്കിലും വിഷയങ്ങളിൽ എം.എൽ.എ.മാർ ഉന്നയിച്ചതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സർക്കാർ ഉത്തരവുകൾ ബന്ധപ്പെട്ട എം.എൽ.എ.മാർക്ക് നൽകണമെന്ന് ഉത്തരവുകളോ , സർക്കുലറുകളോ നിലവിലുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

## സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്ക്

4354. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂലൈ 23 മുതൽ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും അനിശ്ചിതകാല പണിമുടക്ക് നടത്തുന്നതിന് ഇടയാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ?

## സർക്കാർ ഉദ്യോഗസ്ഥരുടെ സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണം

4355. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഐ.സി.ബാലകൃഷ്ണൻ

,, പി.എ.മാധവൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം സർവ്വീസ് ചട്ടങ്ങളാണ് പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) ജനങ്ങൾക്ക് വേണ്ടിയുള്ള വിവിധ തരത്തിലുള്ള അവകാശ നിയമങ്ങൾ കൂടി സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം

4356. ശ്രീ.എം.എ. വാഹീദ്

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടപ്പാക്കിയ ഇ-ഓഫീസ് സംവിധാനത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ചുള്ള വിവരം നൽകുമോ ;

(സി) പ്രസ്തുത സംവിധാനത്തിലൂടെ പ്രോസസ് ചെയ്യുന്ന, ഓരോ നിയോജകമണ്ഡലത്തിലെയും പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളുടെ വിവരം ജനപ്രതിനിധികൾക്കുകൂടി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### മന്ത്രിമാരുടെ വിദേശ സന്ദർശനങ്ങൾ

4357. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും നടത്തിയ ഓരോ വിദേശ യാത്രകളുടെയും ഉദ്ദേശ്യമെന്തായിരുന്നെന്നും ഇതുമൂലം സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങളുണ്ടായെന്നും വിശദമാക്കാമോ?.

### മന്ത്രിമാരുടെ ഡൽഹി സന്ദർശനം

4358. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും, ഓരോ മന്ത്രിമാരും എത്ര തവണ വീതം ഡൽഹി സന്ദർശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സന്ദർശനത്തിനായി മുഖ്യമന്ത്രിയും, മന്ത്രിമാരും വിമാനക്കൂലിയിനത്തിൽ എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ;

### അദ്ധ്യാപകനിയമനം

T 4359. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ അദ്ധ്യാപകരുടെ തസ്തികകളിലേക്കുള്ള പി. എസ്. സി. യുടെ ഏതൊക്കെ റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട് ;

(സി) എച്ച്.എസ്.എ. സോഷ്യൽസ്റ്റഡീസ് (കാറ്റഗറി നം. 440/07) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട് ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോഴാണ് അവസാനിച്ചത് ; വിശദാംശം നല്കുമോ ;

(ഡി) 2015 മാർച്ച് 31 വരെയുള്ള ഒഴിവുകൾ കണക്കാക്കി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ദുരിതാശ്വാസനിധി ധനസഹായ വിതരണം- ജനപ്രതിനിധികൾക്കുള്ള വിലക്ക്

4360. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ ധനസഹായം അനുവദിക്കുന്നതിനായി ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് മണ്ഡലത്തിലെ എം.എൽ.എ. മാർ മുഖേന നൽകുന്നതിന് അനുമതി നിഷേധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ചികിൽസാ സഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസർ, തഹസിൽദാർ, കളക്ടർ എന്നിവരുടെ അന്വേഷണ റിപ്പോർട്ട് എം.എൽ.എ. മാർ മുഖേന നൽകുന്നത് തടസ്സപ്പെടുത്താനിടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) എം.എൽ.എ. മാർ മുഖേന ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് സഹിതം ചികിൽസാ ധനസഹായ അപേക്ഷയിൽ സമർപ്പിച്ചിരുന്ന രീതി തുടരുന്നതിന് അനുവാദം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

നാളികേരത്തിന്റെ വിലയിടിവും വെളിച്ചെണ്ണ ഇറക്കുമതിയും

4361. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളീകേരത്തിന്റെയും നാളികേരോൽപ്പന്നങ്ങളുടെയും വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ വിലയിടിവ് പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി കേന്ദ്രസർക്കാരിന് നിവേദനം നൽകുകയോ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയോ ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി സർവ്വകക്ഷി സംഘം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെക്കണ്ട് വെളിച്ചെണ്ണ ഇറക്കുമതി നിർത്തിവെപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കേൾക്കുവാനുള്ള അവകാശം സംബന്ധിച്ച നിയമം

4362. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേൾക്കുവാനുള്ള അവകാശം സംബന്ധിച്ച നിയമം (റൈറ്റ് ടു ഹിയർ ആക്ട്) നടപ്പാക്കാനുള്ള തീരുമാനം പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ ?

മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കുമെതിരെ മുഖ്യമന്ത്രിയുടെ ആപ്പീസിൽ ലഭിച്ച പരാതി

4363. ശ്രീ.എ.കെ.ബാലൻ

,, ജി.സുധാകരൻ

,, കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിയും ക്രമക്കേടുകളും നേരിട്ടറിയിക്കാൻ മുഖ്യമന്ത്രിയുടെ ആപ്പീസിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ ; ഈ സംവിധാനത്തിന്റെ ഗുണഫലവും പ്രവർത്തന പുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഏതെങ്കിലും മന്ത്രിമാരോ ഉദ്യോഗസ്ഥരോ അഴിമതി നടത്തുന്നു എന്നാരോപിച്ചുകൊണ്ട്, ആരെങ്കിലും, പ്രസ്തുത വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) നിലവിൽ അന്വേഷണം നേരിടുന്ന ഏതെങ്കിലും മന്ത്രിമാരെ കുറിച്ച് മുഖ്യമന്ത്രിക്ക് രേഖാമൂലമോ നേരിട്ടോ ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടായിരുന്നവോ ; എങ്കിൽ ബന്ധപ്പെട്ട അന്വേഷണ ഏജൻസികൾക്ക് അവ

കൈമാറിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) മുഖ്യമന്ത്രിയുടെ ആപ്പീസിൽ ഏർപ്പെടുത്തിയ സംവിധാനത്തിൽ ലഭിച്ച രഹസ്യ വിവരങ്ങൾ, ആരോപണവിധേയരായ മന്ത്രിമാർക്കോ ഉദ്യോഗസ്ഥന്മാർക്കോ ചോർത്തി കൊടുത്തതായ സംഭവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതേക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ?

## 2006 മുതൽ 2014 വരെയുള്ള പി.എസ്.സി. നിയമനം

4364. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2014 വരെ ഓരോ വർഷവും എത്ര പേരെയാണ് പി.എസ്.സി. വിവിധ വകുപ്പുകളിൽ നിയമനങ്ങൾക്കായി ശിപാർശ ചെയ്തിട്ടുള്ളത്;

(ബി) ഈ കാലയളവിൽ ഓരോ വർഷവും എൽ.ഡി.ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ്, സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികകളിൽ എത്ര പേരെ വീതം നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്;

(സി) 2006 മുതൽ 2014 വരെ സർക്കാർ വകുപ്പുകൾ റിപ്പോർട്ടു ചെയ്ത എത്ര ഒഴിവുകളാണ് പി.എസ്.സി.യിൽ ലഭിച്ചിട്ടുള്ളത്?

## സർവ്വകലാശാല കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II നിയമനം

4365. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യുണിവേഴ്സിറ്റികളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് നിയമനം പി.എസ്.സി ക്കു വിടാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനു വേണ്ട ഉത്തരവിറക്കാൻ തയ്യാറാകുമോ ;

(ബി) സമാന തസ്തികയായ സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II നിയമനം നടത്താൻ നടപടിയെടുക്കുമോ?

## ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസുകളും നടപടികളും

4366. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പ് അദ്ധ്യക്ഷൻമാർ, വകുപ്പ് സെക്രട്ടറിമാർ മുതലായ ഉന്നത ഉദ്യോഗസ്ഥരിൽ ആർക്കെല്ലാമെതിരെ വിവിധ കുറ്റങ്ങൾക്ക് നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആരെയൊക്കെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും അവർക്കെതിരായ കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ?

## ഡെപ്യൂട്ടി കളക്ടർമാരുടെ ഐ.എ.എസ്.

4367. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടി കളക്ടർമാർക്കു ഐ.എ.എസ്. പ്രൊമോഷൻ നൽകി വന്നിരുന്ന നിയമത്തിലോ വ്യവസ്ഥകളിലോ എന്തെങ്കിലും ഭേദഗതി വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ 2014ൽ ഐ.എ.എസ് പ്രൊമോഷനു അർഹരായ ഡെപ്യൂട്ടി കളക്ടർമാർക്കു അവസരം നിഷേധിച്ചതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ പിന്നാക്ക വിഭാഗക്കാരായ നാലു സീനിയർ ഡെപ്യൂട്ടി കളക്ടർമാരുടെ പേര് കേന്ദ്ര സർക്കാരിൽ DOPTക്കു എപ്പോൾ സമർപ്പിക്കാൻ കഴിയും ;

(ഡി) നിലവിൽ പ്രൊമോഷൻ വഴി നികത്തേണ്ട ഐ.എ.എസ് പോസ്റ്റുകൾ ഉണ്ടോ ; എങ്കിൽ പ്രസ്തുത

ഉദ്യോഗസ്ഥർക്കു അർഹതയുണ്ടായിട്ടും പ്രൊമോഷൻ വൈകിപ്പിക്കുന്നത് എന്തുകൊണ്ടാണ് ?

<u>അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥർ</u>

4368. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥന്മാർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയെന്നും അത് ആരെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ഇതേ കാലയളവിൽ അഖിലേന്ത്യാസർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആർക്കെല്ലാമെതിരെ എന്ത് ശിക്ഷണ നടപടിയാണ് സ്വീകരിച്ചതെന്നും എന്ത് കാരണത്താലാണ് ശിക്ഷണ നടപടി സ്വീകരിച്ചതെന്നും വ്യക്താക്കാമോ?

<u>അടൂരിൽ സബ് കോടതി</u>

T 4369. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂരിൽ സബ് കോടതി അനുവദിക്കുന്നതിന് നിലവിൽ മുൻഗണനാ ലിസ്റ്റ് നിലവിലുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേരളത്തിൽ സബ് കോടതികൾ പുതിയതായി അനുവദിക്കുന്നതു സംബന്ധിച്ച നിലവിലുള്ള ലിസ്റ്റിൻമേൽ നാളിതുവരെ എടുത്തിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) അടൂരിൽ സബ് കോടതി അനുവദിക്കുന്നതു സംബന്ധിച്ചും അനുബന്ധ ലിസ്റ്റ് പ്രകാരമുള്ള മുഗണനാ ക്രമം ലംഘിച്ച് ഏതെങ്കിലും തരത്തിലുള്ള നടപടി മറ്റ് സ്ഥലങ്ങളിൽ സബ് കോടതികൾ അനുവദിക്കുന്നതിനു വേണ്ടി എടുത്തിണ്ടോ;

(ഡി) പ്രസ്തുത നടപടിക്ക് കാരണമായ സാഹചര്യങ്ങൾ വിശദമാക്കുമോ?

<u>ആറ്റിങ്ങലിലെ കോടതി സമുച്ചയ നിർമ്മാണം</u>

4370. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കോടതി സമുച്ചയ നിർമ്മാണത്തിന്റെ അനുബന്ധ പണികൾക്കായി ഫണ്ട് ലഭ്യമാക്കാൻ സമർപ്പിച്ചിരിക്കുന്ന ഫയലിൽന്മേൽ (File No. 12784 / C4 / Home) എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) കോടതി സമുച്ചയ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുവാൻ പ്രസ്തുത ഫയലിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>തീരദേശ പരിപാലന പദ്ധതി</u>

4371. ശ്രീ.കെ.അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഏന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ധനസഹായമാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) തീരദേശ നിയന്ത്രണങ്ങൾ മൂലം,പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

പി.എസ്.സി.ക്ക് വിട്ട നിയമനങ്ങൾ

4372. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ക്ഷേമനിധി ബോർഡുകളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിടുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 1.7.2006 മുതൽ 30.6.2011 വരെയുള്ള കാലത്ത് ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി.ക്ക് വിട്ടത് ; വിശദാംശം ലഭ്യമാക്കാമോ ?

പി.എസ്.സി യുടെ പുതിയ വെബ് സൈറ്റിന്റെ പ്രവർത്തനം

4373. ശ്രീ.എ.റ്റി.ജോർജ്

,, ടി.എൻ. പ്രതാപൻ

,, എം.എ. വാഹീദ്

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി യുടെ പുതിയ വെബ് സൈറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വെബ് സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പുതിയ വെബ് സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതുവരെ പഴയ വെബ് സൈറ്റിന്റെ പ്രവർത്തനം തുടരുമോ ; വിശദമാക്കുമോ ;

(ഡി) ഉദ്യോഗാർത്ഥികൾക്കിടയിൽ പുതിയ വെബ് സൈറ്റിനെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

പി.എസ്.സി. വഴിയുള്ള നിയമനങ്ങളിലെ നിയന്ത്രണം

4374. ശ്രീ.ജി.സുധാകരൻ

,, എം.ചന്ദ്രൻ

,, കെ.സുരേഷ് കുറുപ്പ്

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ തുടങ്ങിയിടങ്ങളിൽ പി.എസ്.സി. വഴിയുള്ള നിയമനം നടത്തുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(ബി) ഒഴിവുകൾ ഉണ്ടായിട്ടും റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്താതിരിക്കുന്നത് എന്തുകൊണ്ടാണ് ;

(സി) പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റുകളിലെല്ലാം കൂടി എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട് ;

(ഡി) പ്രമോഷൻ തസ്തികകളിൽ യഥാസമയം പ്രമോഷൻ നടത്താതിരിക്കുന്നതുമൂലം, അതുവഴി ഉണ്ടാകാവുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാതായിട്ടുള്ളതായി അറിയാമോ ;

(ഇ) ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള നിയമനങ്ങൾക്ക് വേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണം

എത്രയാണ് ;

(എഫ്) തസ്തികകൾ വെട്ടിക്കുറച്ചതുമൂലം ഏതെങ്കിലും തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്താൻ കഴിയാതെ പോയിട്ടുണ്ടോ ;

(ജി) ധനകാര്യ കമ്മീഷൻ നിർദ്ദേശത്തെ തുടർന്ന് അധികമായി കണ്ടെത്തിയ തസ്തികകൾ എത്ര ?

## പി.എസ്.സി.യിലെ ക്രമക്കേടുകൾ

4375. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ചെയർമാനും മെമ്പർമാരും 2011 മാർച്ച് മുതൽ 2015 മാർച്ച് വരെ ഓരോ വർഷവും ശമ്പളം/റ്റി.എ/ഡി.എ ഇനത്തിൽ സ്വീകരിച്ച തുക, യാത്രായിനത്തിലും വാഹനചിലവുകൾക്കുമായി ചിലവാക്കിയ തുക എന്നിവ എത്ര എന്ന് വിശദമാക്കുമോ; ഇവർക്ക് സർക്കാർ നിശ്ചയിച്ച ശമ്പള സ്കെയിലും മറ്റാനുകൂല്യങ്ങളും എന്താണ് എന്നും സർക്കാർ അനുമതിയില്ലാതെ ഇവർ ശമ്പള സ്കെയിലിലും മറ്റാനുകൂല്യങ്ങളിലും മാറ്റം വരുത്തി വാങ്ങുന്നുവോ എന്നും വ്യക്തമാക്കുമോ; എങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി.യിലെ ധൂർത്തും ക്രമവിരുദ്ധ നടപടികളും സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു എന്നും അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു എന്നും ഇതുസംബന്ധിച്ച് ബഹു. ഗവർണ്ണർക്കു ലഭിച്ച പരാതികളിൽ ആരുടെയെല്ലാം പരാതികൾ ബഹു. ഗവർണ്ണർ വിശദാന്വേഷണത്തിന് സർക്കാരിനു കൈമാറിയെന്നും, ഇവയിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പി.എസ്.സി.യിലെ മോട്ടോർ വാഹന ഉപയോഗങ്ങളിലെ ക്രമവിരുദ്ധ നടപടികൾ, വിവരാവകാശ നിയമങ്ങൾ പാലിക്കുന്നതിൽ കാണിക്കുന്ന അനാസ്ഥ എന്നിവ ശ്രദ്ധയിൽപ്പെട്ടുവോയെന്നും, ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു എന്നും എന്തു നടപടികൾ സ്വീകരിച്ചു എന്നും എത്ര പരാതികൾ അന്വേഷണത്തിനായി ബഹു: ഗവർണർ സർക്കാരിനു നല്കി എന്നും അവയിൽ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

## എൽ. ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

4376. **ശ്രീ.വി.റ്റി.ബൽറാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, ആലപ്പുഴ ജില്ലകളിൽ നിലവിലുള്ള എൽ. ഡി ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിന് ഇനിയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്രയും വേഗം പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## കായിക താരങ്ങൾക്ക് നിയമനങ്ങളിൽ ഗ്രേസ് മാർക്ക്

4377. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച കായിക താരങ്ങൾക്ക് കെ.പി.എസ്.സി. നടത്തുന്ന ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിലെ നിയമനങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകാറുണ്ടോ;

(ബി) നിലവിൽ ഏതൊക്കെ കായിക ഇനങ്ങൾക്കാണ് ഇത്തരത്തിൽ ഗ്രേസ് മാർക്ക് നൽകുന്നത്;

(സി) കൂടുതൽ കായിക ഇനങ്ങൾക്കു കൂടി ഗ്രേസ് മാർക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച No.KSSC/B4/1417datd 06/06/14 പ്രൊപ്പോസലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

## എച്ച്. എസ്. എ , എച്ച്. എസ്.എസ്.ടി -ഫിസിക്സ്, കെമിസ്ട്രി, കണക്ക് വിഷയങ്ങളിലെ നിയമനം

4378. **ശ്രീ.ആര്‍. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) എച്ച്. എസ്. എ , എച്ച്. എസ്.എസ്.ടി വിഭാഗങ്ങളില്‍ ഫിസിക്സ്, കെമിസ്ട്രി, കണക്ക് എന്നീ വിഷയങ്ങളില്‍ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) പ്രസ്തുത വിഭാഗങ്ങളില്‍ ജൂനിയര്‍/സീനിയര്‍ ഉള്‍പ്പെടെ, റിപ്പോര്‍ട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റുകളില്‍ നിന്നും നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ;

(ഡി) പി.എസ്.സി ഒരേ ടെസ്റ്റില്‍ നിന്നും എച്ച്. എസ്.എസ്.ടി ജൂനിയര്‍-സീനിയര്‍ വിഭാഗങ്ങളിലായി രണ്ടു ലിസ്റ്റുകള്‍ തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ ;

(ഇ) എച്ച്. എസ്. എ, എച്ച്. എസ്.എസ്.ടി വിഭാഗങ്ങളില്‍ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റില്‍ നിന്നും പ്രസ്തുത തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങള്‍ ജനറല്‍ സംവരണ വിഭാഗങ്ങള്‍ തിരിച്ച് ലഭ്യമാക്കുമോ?

## എച്ച്.എസ്.എസ്.റ്റി. (ഹിന്ദി) തസ്തികയിലെ ഒഴിവുകള്‍

4379. **ശ്രീ.മോന്‍സ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) എച്ച്.എസ്.എസ്.റ്റി. (ഹിന്ദി )തസ്തികയുടെ അഡ്വൈസ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;ഇപ്പോള്‍ ഈ തസ്തികയില്‍ (ജൂനിയര്‍, സീനിയര്‍) എത്ര ഒഴിവുകള്‍ പി.എസ്.സി.യില്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് എന്നത്തേക്ക് അഡ്വൈസ് അയയ്ക്കാനാകുമെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് പുന:ക്രമീകരിക്കുവാന്‍ പി.എസ്.സി. ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ ?

## ആശ്രിത നിയമനം

4380. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ആശ്രിത നിയമനത്തിന് പുതുതായി എന്തൊക്കെ പരിഷ്കാരങ്ങള്‍ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ആശ്രിതനിയമനത്തിനായി ഏത് വര്‍ഷം വരെ അപേക്ഷിച്ചവര്‍ക്കാണ് നിയമനം നല്‍കിയിട്ടുള്ളത് ?

## ഇടുക്കി ജില്ലയിലെ എച്ച്.എസ്.എ ഫിസിക്കല്‍ സയന്‍സിന്റെ ഒഴിവുകള്‍

4381. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഇടുക്കി ജില്ലയിലെ എച്ച്.എസ്.എ ഫിസിക്കല്‍ സയന്‍സിന്റെ എത്ര ഒഴിവുകള്‍ പി.എസ്.സി. ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റില്‍ നിന്നും നാളിതുവരെ നല്കിയ നിയമനങ്ങളുടെ വിവരം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നാണ് തീരുന്നതെന്ന് വ്യക്തമാക്കുമോ?

## ലാസ്റ്റ് ഗ്രേഡ് സര്‍വ്വന്റ് നിയമനം

4382. **ശ്രീ.സാജു പോള്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അംഗപരിമിതരുടെ ജോലി സംവരണം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിന് സ്പെഷ്യൽ റിക്രൂട്ടമെന്റ് റാങ്ക് ലിസ്റ്റുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ടോ;

(സി) എറണാകുളം ജില്ലയിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ട്; എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;വിശദവിവരം നൽകാമോ;

(ഡി) സംവരണ വിഹിതം കണക്കാക്കി മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(ഇ) 2004 - 2007 കാലഘട്ടത്തിലെ ബാക്ക് ലോഗ് ഒഴിവുകൾ പ്രത്യേകം കണക്കാക്കി അടിയന്തരമായി നിയമനം നടത്തുമോ?

<u>സേവനാവകാശ നിയമം</u>

4383. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമപ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമപ്രകാരം ഒന്നാം അപ്പീൽ അധികാരികൾക്കു ഇതുവരെ എത്ര അപ്പീൽ ലഭിച്ചു ;

(സി) രണ്ടാം അപ്പീൽ അധികാരികൾക്കു ഇതുവരെ എത്ര അപ്പീൽ ലഭിച്ചു;

(ഡി) നിശ്ചിത ദിവസങ്ങൾക്കകം സേവനം നൽകാത്തതിനാൽ എത്ര ഉദ്യോഗസ്ഥർക്കു ഇതുവരെ പിഴ ചുമത്തിയിട്ടുണ്ട് ; വകുപ്പു തിരിച്ചു വിശദാംശം നൽകാമോ ;

(ഇ) പ്രസ്തുത നിയമത്തിനു വ്യാപക പ്രചരണം നൽകാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ഓരോ വകുപ്പും നിയമം കർശനമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു ;

(ജി) പഞ്ചായത്ത് വകുപ്പു ഡയറക്ടറും നഗരസഭാ ഡയറക്ടറും സേവനാവകാശ നിയമപ്രകാരം നടത്തിയ വിജ്ഞാപനത്തിൽ തെറ്റു സംഭവിച്ചിരുന്നോ ; എങ്കിൽ തെറ്റു തിരുത്തി വിജ്ഞാപനം പുന:പ്രസിദ്ധീകരിച്ചിട്ടുണ്ടോ ?

<u>സേവനാവകാശ നിയമം</u>

4384. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും നടപ്പിലാകാത്ത വകുപ്പുകൾ ഏതൊക്കെയെന്നും വിശദമാക്കാമോ ;

(സി) സേവനാവകാശനിയമ പ്രകാരംഇതുവരെയായി ഓരോ വകുപ്പിലും എത്ര അപേക്ഷകളാണ് തീർപ്പാക്കിയത് എന്നു വ്യക്തമാക്കുമോ :

(ഡി) പ്രസ്തുത നിയമപ്രകാരം എത്ര പേരെ വീതം ശിക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം</u>

4385. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണെന്നും ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും അറിയിക്കുമോ; പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ടെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷവും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ താല്ക്കാലിക നിയമനം ലഭിച്ച എത്ര പേർ തുടരുന്നുണ്ട്; റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനായി താല്ക്കാലിക ജീവനക്കാരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയിലേക്കുള്ള നിയമനം

4386. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്ര; അത് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണ്; അതിൽ എത്ര എണ്ണം ലിസ്റ്റ് - ബി യ്ക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ബഹു. കെ എ ടി വിധി പ്രകാരം പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന്റെ റാങ്ക് പട്ടിക പുനഃക്രമീകരിച്ചരുന്നുവോ; എങ്കിൽ എന്നാണെന്നു വ്യക്തമാക്കുമോ;

(സി) പുനഃക്രമീകരിച്ച് പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റാങ്ക് പട്ടികയിലെ ലിസ്റ്റ് - എ യിൽ നിന്നും നിയമന ശിപാർശ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റാങ്ക് പട്ടികയിലെ ലിസ്റ്റ് - എ യിൽ നിന്നും അടിയന്തിരമായി നിയമന ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; പി.എസ്.സിയ്ക്ക് നേരിട്ട് തന്നെ പരിഹരിക്കാവുന്ന പ്രശ്നങ്ങളിൽ യഥാസമയം നടപടി ഉണ്ടാകാത്തത് കാരണം നിയമന ശിപാർശകൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ദീർഘകാലമായി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന കാര്യം പരിഗണിച്ച് നിയമന ശിപാർശകളിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് വിവിധ സംവരണ തത്വ പ്രകാരമുള്ള നിയമനം

4387. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി എസ് സി അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് ആദ്യമായി നിയമന ശിപാർശ നൽകിയ തിയതി മുതൽ 01/07/2015 തീയതി വരെയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണ് എന്ന് വിശദമാക്കുമോ ; അഡ്വൈസ് ലിസ്റ്റിന്റെ പകർപ്പ് നൽകുമോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് ആദ്യമായി നേരിട്ടുള്ള നിയമനം നൽകിയ തീയതി മുതൽ 01/07/2015 തീയതി വരെ ഹിന്ദു നാടാർ സംവരണ തത്വപ്രകാരവും, എസ്.ഐ.യു.സി നാടാർ സംവരണ തത്വ പ്രകാരവും നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ; അഡ്വൈസ് ലിസ്റ്റിന്റെ പകർപ്പ് നൽകുമോ ;

(സി) പ്രസ്തുത തസ്തികയിലേക്ക് നിയമനം നൽകിയപ്പോൾ ടേൺ 38, ടേൺ 60 എന്നീ ടേണുകളിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ സംബന്ധിക്കുന്ന രേഖകളുടെ പകർപ്പ് നൽകുമോ ;

(ഡി) ലാസ്റ്റ്ഗ്രേഡ് തസ്തികകൾ ഒഴികെയുള്ള പി.എസ്.സി. നിയമനങ്ങളിൽ ഹിന്ദു നാടാർ, എസ്.ഐ.യു.സി. നാടാർ, ഒബിസി, ഈഴവ എന്നീ കമ്മ്യൂണിറ്റികൾക്കുള്ള സംവരണ ശതമാനവും ടേണും സംബന്ധിച്ച റിക്കാർഡുകളുടെ പകർപ്പ് നൽകുമോ ;

(ഇ) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് ആദ്യമായി നേരിട്ടുള്ള നിയമനം ആരംഭിച്ച തീയതി മുതൽ 01/07/2015-ാം തീയതി വരെ ഒ.ബി.സി., ഈഴവ എന്നീ കമ്മ്യൂണിറ്റികളിൽ നിന്നും സംവരണ തത്വ പ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണെന്ന വിവരം നൽകുമോ ;

(എഫ്) പ്രസ്തുത തസ്തികയിലേക്ക് സംവരണ തത്വം മുഖേന ഹിന്ദു നാടാർ, എസ്.ഐ.യു.സി നാടാർ

ഉദ്യോഗാർത്ഥികളുടെ കുറവ് ഉണ്ടെങ്കിൽ അത് നികത്താൻ നിലവിലുള്ള തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

<u>പ്രവാസികൾക്ക് വോട്ടവകാശം</u>

4388. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ**

**,, റോഷി അഗസ്റ്റിൻ**

**ഡോ.എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിലുള്ള മലയാളികൾക്കുകൂടി വോട്ടവകാശം നല്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

<u>കരൾ മാറ്റ ശസ്ത്രക്രിയയ്ക്ക് ധനസഹായം ലഭിക്കുന്നതിന് ചെറുവലത്ത് സുബൈദ, പേരാമ്പ്ര നല്കിയ അപേക്ഷ</u>

4389. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവലത്ത് സുബൈദ, ചക്കിട്ടപ്പാറ, പേരാമ്പ്ര എന്നയാളുടെ മകളുടെ കരൾ മാറ്റ ശസ്ത്രക്രിയയ്ക്ക് ധനസഹായം ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) 599/15/OM(Ind & IT) തീയതി 9/4/15 പ്രകാരമുളള പരാതിയുടെ നിലവിലുളള സ്ഥിതി വിശദമാക്കാമോ ?

<u>കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി</u>

4390. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ 2015 ജനസമ്പർക്ക പരിപാടിയിൽ കൊല്ലം ജില്ലയിൽ എത്ര പരാതികളാണ് തീർപ്പാക്കിയത്; ഏതെല്ലാം ഇനത്തിൽ എത്ര തുക ദുരിതാശ്വാസ നിധിയിൽ നിന്ന് വിതരണം ചെയ്തതെന്ന് അറിയിക്കാമോ?

<u>ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം</u>

4391. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായ ഉത്തരവ് ലഭ്യമായിട്ടുള്ള എത്ര പേർക്ക് കാസർഗോഡ് ജില്ലയിൽ തുക നൽകാനുണ്ടെന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) ഹോസ്ദുർഗ്ഗ് താലൂക്കിൽ പണം നൽകാനുണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായധനം</u>

4392. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായധനം അനുവദിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും അപേക്ഷകർക്ക് തുക ലഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അനുകൂല നടപടികൾ ഉണ്ടാകുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

4393. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഡിസംബർ ആറാം തീയതിക്കുശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അരുവിക്കര നിയമസഭാനിയോജകമണ്ഡലത്തിലെ എത്ര അപേക്ഷകർക്ക് ധനസഹായം നൽകി എന്നും, അവർ ഓരോരുത്തരുടേയും മേൽവിലാസവും , ഓരോരുത്തർക്കും ലഭിച്ച തുക എത്ര വീതമെന്നും, തീയതികൾ ഏതാണെന്നും, ഇവർക്കെല്ലാപേർക്കും കൂടി ആകെ ലഭിച്ച തുക എത്രയാണെന്നും വിശദമാക്കുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സസഹായം ലഭിക്കാനുള്ള കാലതാമസം

4394. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ സഹായത്തിനായി അപേക്ഷ സമർപ്പിച്ച് അന്നുതന്നെ ബഹു:മുഖ്യമന്ത്രി സമയബന്ധിതമായി ജില്ല കലക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു മാസങ്ങൾ കഴിഞ്ഞിട്ടും കാസർഗോഡ് റവന്യൂ അധികാരികളിൽ നിന്നും റിപ്പോർട്ടുകൾ എത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധന സഹായം

4395. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എം.എൽ.എ. മാർ മുഖേന, ചികിത്സാ, അപകടമരണസഹായങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ കാൻസർ പോലുള്ള ഗുരുതരമായതും ഭാരിച്ചചെലവ് വരുന്നതുമായ രോഗങ്ങൾ ബാധിച്ചവരുടെ അപേക്ഷകൾ, ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സഹിതം മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം അപേക്ഷകൾ എം.എൽ.എ. മാർ മുഖേന സമർപ്പിക്കുന്നതിനായി റിപ്പോർട്ട് സഹിതം അപേക്ഷകനെയോ ഉറ്റ ബന്ധുവിനെയോ ഏല്പിക്കുന്നതിന് തുടർ നടപടി സ്വീകരിക്കുമോ; എം.എൽ.എ. മാരുടെ ആമുഖ കത്ത് സഹിതമുള്ള അപേക്ഷകളിൽ, കളക്ടറുടെ റിപ്പോർട്ട് സഹിതം എം.എൽ. എ. മാർ മുഖേന അപേക്ഷിക്കുന്നതിന് തുടർന്നും അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

## ചികിത്സാസഹായത്തിന് ശ്രീ .സുരേഷ് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി

4396. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാസഹായത്തിന് ശ്രീ.സുരേഷ് (സുരേഷ് ഭവൻ, വേളാർകുടി, ആറ്റിങ്ങൽ പി.ഒ.) സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) 1509/15/CM എന്ന നമ്പരിൽ 16.03.15 തീയതിയായി സ്വീകരിച്ച അപേക്ഷയിന്മേൽ അനുവദിച്ച തുക എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ ?

ദുരിതാശ്വാസ നിധി ധനസഹായം ലഭിക്കുന്നതിനായി ശ്രീമതി വിമല **C.U.** നൽകിയ അപേക്ഷ

4397. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അപകടമരണത്തിന് ധനസഹായം ലഭിക്കുന്നതിനായി ശ്രീമതി വിമല C.U. കുവ്വപ്പാട്ടിൽ വീട്, ചൊവ്വന്നൂർ.പി.ഒ., തൃശ്ശൂർ ജില്ല (തലപ്പിള്ളി താലൂക്ക് ,ചൊവ്വന്നൂർ വില്ലേജ് ) നൽകിയ അപേക്ഷയിൽ (1-10-2013തീയതിയിലെ 32777/DRF/CM/2013നമ്പർ അപേക്ഷ) നാളിതുവരെയായിട്ടും ധനസഹായം ലഭിച്ചിട്ടില്ല എന്നതു കണക്കിലെടുത്ത്, ഇവരുടെ അപേക്ഷയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് തുക അനുവദിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; അനുവദിച്ച തുക കഴിവതും വേഗത്തിൽ ഇവർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ; വിശദാംശം വ്യക്തമാക്കാമോ?

നദീസംയോജന പദ്ധതി

4398. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീസംയോജന പദ്ധതികളുടെ ഭാഗമായി കേരളത്തിലെ ഏതൊക്കെ നദികളാണ് ഇതര സംസ്ഥാനങ്ങളിലെ നദികളുമായി കൂട്ടിയിണക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക സംസ്ഥാന സർക്കാരുകൾ ശ്രമിച്ചു വരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ സുരക്ഷ

4399. **ശ്രീ.എം.ഉമ്മർ**

**,,** എൻ. ഷംസുദ്ദീൻ

**,,** കെ.മുഹമ്മദുണ്ണി ഹാജി

**,,** പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ സുരക്ഷയുടെ കാര്യത്തിൽ കേരളവും തമിഴ്നാടും തമ്മിൽ തർക്കം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് സംയുക്ത പരിശോധന സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച കരാർ വ്യവസ്ഥ വ്യക്തമാക്കുമോ ?

ഏഴിമല നാവിക അക്കാദമിക്കുവേണ്ടി ഭൂമി നൽകിയവർക്കുള്ള നഷ്ടപരിഹാരം

4400. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിമല നാവിക അക്കാദമിക്കുവേണ്ടി ഭൂമി നൽകിയവരിൽ എത്ര പേർക്ക് ഇനിയും നഷ്ടപരിഹാരം വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കോടതി നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച എത്ര പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ടെന്നും ,ആർക്കൊക്കെ എത്ര തുക വീതം വിതരണം ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കനോലി കനാൽ ടൂറിസം സർക്യൂട്ട്

4401. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ ഏതൊക്ക പദ്ധതികളാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരിപാടിയിൽ പ്രഖ്യാപിച്ച കനോലി കനാൽ ടൂറിസം സർക്യൂട്ട് യാഥാർത്ഥ്യമാക്കാൻ ഇറിഗേഷനും ടൂറിസവും വകുപ്പുകളുടെ നേതൃത്വത്തിൽ എന്തെല്ലാം നടപടികളാണ് കൈകൊള്ളുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ തസ്തികയിലേക്ക് ബൈ ട്രാൻസ് ഫർ നിയമനം

4402. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ തസ്തികയിലേക്ക് പി. എസ്. സി 2010-ൽ അപേക്ഷ ക്ഷണിച്ചതിൻെറ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

മുളവുകാട് സർവ്വീസ് റോഡ്

4403. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളവുകാട് സർവ്വീസ് റോഡ് പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസ്സം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൽ ജനപ്രതിനിധികളും, പ്രദേശവാസികളും, NHAI ഉദ്യോഗസ്ഥർ എന്നിവരും ജില്ലാഭരണകൂടവുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പൊതുമേഖലാ ബാങ്കുകളുടെ നിക്ഷേപാനുപാതം

T 4404. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ ബാങ്കുകളുടെ സംസ്ഥാനത്തെ നിക്ഷേപാനുപാതം സംബന്ധിച്ച കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ ; കേരളത്തിന്റെ വായ്പാ നിക്ഷേപ അനുപാതം അഖിലേന്ത്യാ ശരാശരിയെക്കാൾ കൂടുതലാണോ ; എത്രയാണെന്ന് വിശദമാക്കാമോ ; ബാങ്ക് വായ്പകൾക്ക് മതിയായ ചോദനം ഇല്ലാതായിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ബി) പ്രവാസി നിക്ഷേപം എത്രയാണെന്ന് ഏറ്റവും ഒടുവിലത്തെ കണക്കുകളെ ആധാരമാക്കി വിശദമാക്കാമോ ?

സ്പോർട്സ് ക്വാട്ട നിയമനം

4405. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ടയിൽ ഓരോ ജില്ലയിലും എത്ര സ്പോർട്സ് താരങ്ങളെ ജോലിക്ക് എടുത്തിട്ടുണ്ടെന്ന് ഓരോ വർഷം തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഇനങ്ങളിലാണ് പ്രസ്തുത സ്പോർട്സ് താരങ്ങളെ നിയമിച്ചിട്ടുള്ളതെന്ന് പേര്, അഡ്രസ്സ് സഹിതം വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഓരോ വർഷവും ജോലിക്ക് എടുക്കുന്ന സ്പോർട്സ് താരങ്ങളുടെ എണ്ണം തീരെ കുറവാണെന്നുള്ള വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(ഡി) വളരെ നല്ല കായിക താരങ്ങൾ സ്പോർട്സ് ആന്റ് ഗെയിംസിൽ സംസ്ഥാനത്ത് ഉള്ളതിനാൽ ഇവരെ അന്യസംസ്ഥാനങ്ങളിലേക്ക് വിടാതിരിക്കാൻ ഓരോ കൊല്ലവും എടുക്കുന്ന സ്പോർട്സ്കാരുടെ എണ്ണം കൂട്ടുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സ്പോർട്സ്കാർക്ക് ജോലിക്ക് അവസരം കൊടുക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകൾ</u>

4406. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളിൽ ഭൂമി ഇല്ലാത്തവരക്ക് ഭൂമി ലഭിക്കാനും ഭൂമയുടെ അതിരളവ്, സർവ്വേ നമ്പർ, ഉടമസ്ഥത തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ചും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; അപേക്ഷകളുടെ ഇനവും എണ്ണവും വർഷവും ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ 2014-15 കാലയളവ് വരെ ലഭിച്ചവയിൽ എത്രയെണ്ണം പൂർണ്ണമായും മറ്റ് പരാതികളില്ലാത്തവിധം പരിഹരിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(സി) ചേർത്തല താലൂക്കിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കപ്പെട്ട അപേക്ഷകൾ എത്രയാണ് ; അവയിൽ ഭൂമി വിതരണം ചെയ്ത് പരിഹരിക്കപ്പെട്ടവ എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്കായി ആകെ നൽകിയ ഭൂമി എത്രയാണ് ; എത്ര അപേക്ഷകർക്കാണ് ഭൂമി നൽകിയിട്ടുള്ളത് ; അവ ഏതെല്ലാം വില്ലേജുകളിലാണെന്ന് വ്യക്തമാക്കാമോ?

<u>എക്സൈസ് വകുപ്പിലെ ഇ-ഫയലിംഗ് സംവിധാനം</u>

4407. ശ്രീ.സണ്ണി ജോസഫ്

,, എം.പി.വിൻസെൻറ്

,, എം.എ. വാഹീദ്

,, കെ.എസ്.ശബരീനാഥൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ</u>

4408. ശ്രീ.ഹൈബി ഈഡൻ

,, കെ.മുരളീധരൻ

,, കെ.ശിവദാസൻ നായർ

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം ലഹരി വിരുദ്ധ പ്രവർത്തനങ്ങളാണ് ഊർജ്ജസ്വലമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇക്കാലത്ത് എന്ത് തുക അനുവദിക്കുകയുണ്ടായി; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം സംഘടനകളെ പ്രയോജനപ്പെടുത്തി ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുകയുണ്ടായെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഡി) എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് ഇതിനുവേണ്ടി നടത്തിയതെന്ന് വിശദമാക്കുമോ ?

## വ്യാജ മദ്യ കടത്ത്

4409. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എക്സൈസ് ചെക്ക് പോസ്റ്റുകളിലെ പരിശോധനയിൽ വ്യാജ മദ്യ കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓണ സീസൺ മുന്നിൽ കണ്ട് സംസ്ഥാനത്തേക്ക് കൂടുതൽ സ്പിരിറ്റ് അനധികൃതമായി എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

## വനിതാ എക്സൈസ് ഗാർഡുകളുടെ ഒഴിവ്

4410. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഏതെല്ലാം ഓഫീസുകളിലാണ് വനിതാ എക്സൈസ് ഗാർഡുമാരെ നിയമിച്ചിട്ടുള്ളത് ; അവരുടെ അനുപാതവും പ്രാതിനിധ്യ ആനുപാതവും വെളിപ്പെടുത്താമോ ;

(ബി) നിലവിൽ ഓരോ ജില്ലയിലും ഇവരുടെ എത്ര ഒഴിവുകൾ വീതമുണ്ട് ;

(സി) ഇവയിൽ ഓരോ ജില്ലയിലെയും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളെത്രയാണ് ;

(ഡി) ഈ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## വ്യാജ വാറ്റും വ്യാജമദ്യവില്പനയും കഞ്ചാവ് വില്പനയും തടയാൻ നടപടി

4411. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂ സ്റ്റാർ, ത്രീ സ്റ്റാർ ബാറുകൾ പൂട്ടിയതിനുശേഷം വ്യാജ വാറ്റും വ്യാജമദ്യവില്പനയും കഞ്ചാവ് വില്പനയും വർദ്ധിച്ചു വരുന്നതായ വാർത്തകളുടെ അടിസ്ഥാനത്തിൽ അവ തടയുന്നതിന് എക്സൈസ് വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(ബി) വീടുകൾ കേന്ദ്രീകരിച്ച് വ്യാജ മദ്യ വില്പന റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ വനിതാ എക്സൈസ് ഗാർഡുകളെ നിയമിച്ച് റെയ്ഡുകൾ ഊർജ്ജിതപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ;എങ്കിൽ അതിന്റെ വിശദാംശം നല്കുമോ;

## ബിയർ -വൈൻ പാർലറുകൾ

4412. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയം പ്രഖ്യാപിച്ചശേഷം എത്ര ബിയർ -വൈൻ പാർലറുകൾ തുടങ്ങിയിട്ടുണ്ട്;

(ബി) ബാറുകളും ബിയർ-വൈൻ പാർലറുകളും തമ്മിലുള്ള വ്യത്യാസം എന്താണ്;

(സി) ബാറുകൾക്ക് ബാധകമായ നിയന്ത്രണങ്ങൾ ബിയർ-വൈൻ പാർലറുകൾക്കും ബാധകമാണോ;

(ഡി) ബിയർ-വൈൻ പാർലറുകളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിന്റെ പ്രായപരിധി എത്രയാണ്;

(ഇ) ആരാധനാലയങ്ങളുടെ ദൂരപരിധി ഇവയുടെ കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ടോ?

## അബ്കാരി കുടിശ്ശിക

4413. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**,,** ബാബു എം. പാലിശ്ശേരി

**,,** സി.കെ സദാശിവൻ

**,,** ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കി നില്പുണ്ടോ; ഇതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഡിസ്റ്റലറികൾ, ബ്ലെൻഡിംഗ് യൂണിറ്റുകൾ, ഫാർമസ്യൂട്ടിക്കലുകൾ തുടങ്ങിയവയിൽ നിന്ന് ലഭിക്കുവാനുള്ള കുടിശ്ശിക നിലവിൽ എത്രയെന്നറിയിക്കുമോ;

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഈ സർക്കാർ അബ്കാരികൾക്ക് നൽകിയ ആനുകൂല്യങ്ങൾ വിശദമാക്കാമോ?

## എക്സൈസ് വകുപ്പിലെ ഫയൽ ട്രാക്കിംഗ് സംവിധാനം

4414. **ശ്രീ.എം.പി.വിൻസെൻറ്**

**,,** ബെന്നി ബെഹനാൻ

**,,** ജോസഫ് വാഴയ്ക്കൻ

**,,** കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഫയൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോണ്ടോയെന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത് ;ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

## എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം

4415. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഡൊമിനിക് പ്രസന്റേഷൻ

,, ടി.എൻ. പ്രതാപൻ

,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവകരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

## ബീവറേജസ് വില്പനശാലകളിലെ ജോലി ഭാരം

4416. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറുകൾ അടച്ചുപൂട്ടിയതിന്റെ ഭാഗമായി ബീവറേജസ് വില്പനശാലകളിൽ മദ്യവില്പന വർദ്ധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി തൊഴിലാളികൾക്ക് ജോലി ഭാരം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജോലി ഭാരം വർദ്ധിച്ചതിന്റെ ഭാഗമായി തൊഴിലാളികൾ ആരെങ്കിലും രാജിവെക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ എത്ര പേർ രാജിവെച്ചുവെന്ന് വ്യക്തമാക്കാമൊ?

## അഡിക്റ്റഡ് ടു ലൈഫ് പരിപാടി

4417. ശ്രീ.എം.എ. വാഹീദ്

,, സി.പി.മുഹമ്മദ്

,, ഹൈബി ഈഡൻ

,, എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ, 'അഡിക്റ്റഡ് ടു ലൈഫ്' എന്ന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

4418. ശ്രീ.കെ.മുരളീധരൻ

,, വി.റ്റി.ബൽറാം

,, കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനുവേണ്ടി കേർപ്പറേഷൻ സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ലഹരി ഉപഭോഗം മൂലം രോഗികളായവർക്കുമുള്ള ചികിൽസയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതികളിൽ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

<u>തുറമുഖ വകുപ്പ് നടപ്പാക്കിയ പദ്ധതികൾക്കുള്ള ചെലവ്</u>

4419. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ സാമ്പത്തിക വർഷവും തുറമുഖ വകുപ്പ് നടപ്പാക്കിയ പദ്ധതികൾക്കായി പ്ലാൻ, നോൺപ്ലാൻ ഇനത്തിൽ നീക്കിവച്ച തുകയും ആയതിലുള്ള ചെലവും വർഷം തിരിച്ച് ലഭ്യമാക്കാമോ?

<u>മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും വികസനവും</u>

4420. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമാണ് കേന്ദ്ര സഹായ പദ്ധതികൾ നിലവിലുള്ളത്;

(ബി) ഇപ്പോൾ നടന്നുവരുന്ന പദ്ധതികളിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച/അനുവദിച്ച സഹായത്തിന്റെ വിശദാംശങ്ങൾ പദ്ധതി തിരിച്ച് വിശദമാക്കാമോ;

(സി) ഇതുവരെ ഓരോ പദ്ധതിക്കും ചെലവായ തുകയും കേന്ദ്ര സഹായമായി ലഭിച്ച തുകയും എത്രയെന്ന് വിശദമായി വ്യക്തമാക്കാമോ;

(ഡി) ഇപ്പോഴത്തെ കേന്ദ്രസർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതികൾക്ക് ലഭിച്ച കേന്ദ്ര സഹായത്തിന്റെ കണക്ക് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പുതിയ പദ്ധതികൾക്ക് കേന്ദ്ര സഹായം വെട്ടിക്കുറയ്ക്കുന്നതിന് നിർദ്ദേശമുണ്ടോ; ഈ വിഷയത്തോടുള്ള സമീപനം സംബന്ധിച്ച വിശദാംശം നൽകാമോ?

<u>തീരദേശ വികസന കോർപ്പറേഷന്റെ ഉല്പന്നങ്ങളുടെ വിപണനം</u>

4421. ശ്രീ.ടി.എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്നു വിശദമാക്കാമോ;

(ഡി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ</u>

4422. ശ്രീ.കെ.ശിവദാസൻ നായർ

,, വി.റ്റി.ബൽറാം

,, ഡൊമിനിക് പ്രസന്റേഷൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി റോഡ് ഷോ</u>

4423. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മുംബൈയിൽ റോഡ് ഷോ നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് നടത്തിയത്;

(സി) എന്തിനുവേണ്ടിയാണ് ഇത് നടത്തിയത്;

(ഡി) ആരെല്ലാമാണ് സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിച്ച് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തത്;

(ഇ) ഗവൺമെന്റ് പ്രതിനിധികളെ കൂടാതെ ആരെല്ലാം പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി;

(എഫ്) ഇതിന്റെ സംഘാടന രീതി എങ്ങനെയായിരുന്നു;

(ജി) പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി എത്ര തുക ചെലവഴിക്കുകയുണ്ടായി;വിശദമാക്കാമോ?

<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പിലാക്കാനാവശ്യമായ തുക</u>

T 4424. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ കരാർ വ്യവസ്ഥയനുസരിച്ച് തന്നാണ്ടിൽ പദ്ധതിക്കായി സർക്കാർ കണ്ടെത്തുന്ന മൊത്തം തുക എത്ര; ബഡ്ജറ്റിൽ പദ്ധതിക്കായി വകയിരുത്തപ്പെട്ട തുക ഏതെല്ലാം ഇനത്തിൽ എത്ര വീതം; വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കാനാവശ്യമായ തുക ഏതെല്ലാം നിലയിൽ സ്വരൂപീക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതെനിലയിൽ ഫണ്ട് സ്വരൂപിച്ചുകൊണ്ട് പദ്ധതി പൂർണ്ണമായും സർക്കാർ സ്വന്തമായി വികസിപ്പിച്ചെടുക്കാൻ തയ്യാറാകാതിരുന്നതിന്റെ സാമ്പത്തിക കാരണങ്ങൾ എന്തായിരുന്നു? വിശദമാക്കാമോ;

<u>വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടുള്ള തസ്തികകളിലേയ്ക്ക് നിയമനം</u>

4425. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് പ്രൊട്ടക്ഷൻ കൗൺസിൽ, രജിസ്റ്റർ നമ്പർ-T.1144/2011, കാഞ്ഞിരംകുളം.പി.ഒ., തിരുവനന്തപുരം എന്ന സംഘടനയെ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, ചുമതലപ്പെടുത്തിയിട്ടുണ്ടെന്നവകാശപ്പെട്ട് ടി സംഘടനയിലെ ചില ഭാരവാഹികൾ ഉദ്യോഗാർത്ഥികൾക്ക് ജോലി വാഗ്ദാനം നൽകി പണം പിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

<u>പോർട്ട് മണൽ ബുക്കിങ്ങ്</u>

T 4426. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പോർട്ട് മണൽ ബുക്കിങ്ങിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാധാരണക്കാർ ഓൺലൈനായി ബുക്ക് ചെയ്യുമ്പോൾ കിട്ടാത്ത അവസ്ഥയും എന്നാൽ ഇഷ്ടപ്പെട്ടവർക്ക് യഥേഷ്ടം ബുക്കിങ്ങ് അനുവദിക്കുന്നതുമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>തുറമുഖത്ത് നിന്ന് ഡ്രഡ്ജ് ചെയ്ത മണൽ</u>

4427. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖത്ത് നിന്ന് ഡ്രഡ്ജ് ചെയ്ത മണൽ ഉപയോഗപ്രദമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത മണൽ എന്തെല്ലാം കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്നാണ് കണ്ടെത്തിയിരിക്കുന്നത് ;

(സി) ഈ മണൽ ഉപയോഗിച്ച് മണൽക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി</u>

4428. ശ്രീ.സണ്ണി ജോസഫ്

,, പി.എ.മാധവൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിൽ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി പ്രകാരം ഇൻസെന്റീവ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ</u>

4429. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം വൈക്കം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; ഇതിനായി എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികളിൽ പൂർണ്ണമായും കേന്ദ്രഫണ്ട് ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ; കേന്ദ്ര സംസ്ഥാന ഫണ്ടുകൾ തുല്യമായി ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ; വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ ഈ കോർപ്പറേഷൻ വഴി നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടും ഇതുവരെ ആരംഭിക്കാത്ത പദ്ധതികൾ ഏതെങ്കിലും ഉണ്ടോ; വ്യക്തമാക്കുമോ?

<u>വലിയതുറ കടൽപാലം</u>

4430. **ശ്രീ.സി.മോയിൻ കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന ജില്ലയിലെ വലിയതുറ പാലം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ധാരാളം ആളുകൾ ഇപ്പോഴും കടൽ കാണാൻ അതിലൂടെ സഞ്ചരിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒരു ദുരന്തം ഒഴിവാക്കാൻ, പാലത്തിലേക്കുള്ള പ്രവേശനം തടഞ്ഞ് വേലിയോ ഗേറ്റോ അടിയന്തരമായി സ്ഥാപിക്കുമോ ;

(ഡി) കാലപ്പഴക്കം ചെന്ന എല്ലാ കടൽപ്പാലങ്ങളുടെയും സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കാൻ നിർദ്ദേശം നൽകുമോ ?

<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പാക്കാൻ നിർദേശി ക്കപ്പെട്ട മരാമത്ത് പണികൾ</u>

4431. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-12, 2012 - 13, 2013-14, 2014-15 വർഷങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പാക്കാൻ നിർദേശി ക്കപ്പെട്ട തിരുവനന്തപുരം ജില്ലയിലെ മരാമത്ത് പണികൾ ഏതെല്ലാമാണ് ; ഓരോന്നിനും നീക്കി വച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പണികൾ ഓരോന്നിനും ഓരോവർഷം ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2014 - 15 വർഷം ഭരണാനുമതി നൽകിയ തീരദേശ റോഡുകളുടെ പേരു വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

<u>കുറ്റ്യാടി മണ്ഡലത്തിലെ റോഡുകൾക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഭരണാനുമതി</u>

4432. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ഈ റോഡുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഭരണാനുമതി എന്നത്തേയ്ക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

തീരദേശ റോഡുകളുടെ നിർമ്മാണം

4433. ശ്രീ.ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, വർക്കല കഹാർ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ റോഡുകളുടെ നിർമ്മാണത്തിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഫിഷ് കിയോസ്കുകൾ

4434. ശ്രീ.എസ്.ശർമ്മ

,, കെ. ദാസൻ

,, കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷ് മെയ്ഡ് എന്ന ബ്രാന്റിൽ സംസ്ഥാനത്തുടനീളം 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണിവ സ്ഥാപിക്കപ്പെട്ടത് ; ഇത് സ്ഥാപിക്കുന്നതിനായി ഏതെങ്കിലും സ്വകാര്യ ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിപണനം ആരംഭിച്ചിട്ടുണ്ട് ; നാളിതുവരെ നടത്തിയ വിൽപനയുടെ വിശദാംശങ്ങൾ നൽകാമോ ;

(ഡി) ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച സഹായം എത്രയെന്നും വിനിയോഗിച്ചത് എത്രയെന്നും വ്യക്തമാക്കുമോ ?

തണൽ പദ്ധതി

4435. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എം.എ. വാഹീദ്

,, ഷാഫി പറമ്പിൽ

,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണൽ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

## മത്സ്യ സമൃദ്ധി പദ്ധതി

4436. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച മത്സ്യ സമൃദ്ധി പദ്ധതിയുടെ ആദിവാസി മേഖലകളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടന്നുവരുന്നത്; ആദിവാസി വിഭാഗമുള്ള എല്ലാ ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) മത്സ്യ സമൃദ്ധി പദ്ധതി പ്രസ്തുത പ്രദേശത്തെ ആദിവാസി സമൂഹത്തിന്റെ വരുമാന വർദ്ധനവിന് സഹായിച്ചിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ?

## മത്സ്യ സമൃദ്ധി പദ്ധതിയിന്മേൽ ജനകീയ ഓഡിറ്റ്

4437. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടപ്പാക്കിയ മത്സ്യ സമൃദ്ധി പദ്ധതിയുടെ ജനകീയ ഓഡിറ്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ജനകീയ ഓഡിറ്റ് നടത്തുന്നതുകൊണ്ടുള്ള പ്രയോജനം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിലെ മത്സ്യ സമൃദ്ധി പദ്ധതിയുടെ ജനകീയ ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ;എങ്കിൽ ആയതിൻെറ പകർപ്പ് ലഭ്യമാക്കുമോ;

## മത്സ്യ മാർക്കറ്റ് നവീകരണം

4438. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര മത്സ്യമാർക്കറ്റുകൾ ഈ വർഷം നവീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ; ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ നൽകാമോ;

(ബി) മത്സ്യമാർക്കറ്റ് നവീകരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന്റെ ഫണ്ടിംഗ് ഏതൊക്കെ ഏജൻസിയാണ് നൽകുന്നത് എന്നും ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്നും വിശദമാക്കാമോ?

## മത്സ്യ തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നല്കുവാൻ പദ്ധതി

4439. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും തിരുവനന്തപുരം ജില്ലയിൽ ഓരോ മത്സ്യ ഗ്രാമത്തിലും എത്ര വീടുകൾ മത്സ്യതൊഴിലാളികൾക്കായി നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യ തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നല്കുവാനുള്ള പദ്ധതികൾക്കായി ഓരോ വർഷവും നീക്കിവച്ച

തുക എത്രയെന്നും ചെലവായ തുകയെത്രയെന്നും പദ്ധതിതിരിച്ച് വ്യക്തമാക്കാമോ; ഈ പദ്ധതികൾക്ക് കേന്ദ്രവിഹിതമായി ലഭിച്ച തുകയെത്രയെന്നും വ്യക്തമാക്കാമോ?

<u>മത്സ്യ-ചെമ്മീൻ വിത്തുകളുടെ ലഭ്യതക് കുറവ്</u>

4440. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗുണമേന്മയുള്ള മത്സ്യ-ചെമ്മീൻ വിത്തുകൾ ലഭിക്കാത്ത പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഫിഷറീസ് വകുപ്പ് വാടകയ്ക്ക് എടുത്ത ജീവൻരക്ഷാ ബോട്ടുകൾ</u>

4441. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർങ്ങളിലായി മത്സ്യത്തൊഴിലാളികളെ അപകടത്തിൽ നിന്നും രക്ഷിക്കുന്നതിന് എത്ര ബോട്ടുകൾ ഫിഷറീസ് വകുപ്പ് വാടകയ്ക്ക് എടുത്തെന്ന് വ്യക്തമാക്കുമോ ;

(ബി) വാടക ഇനത്തിൽ ഓരോ വർഷവും എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ;

(സി) കഴിഞ്ഞ നാലുവർഷത്തിൽ ഓരോ വർഷവും എത്ര അപകടങ്ങൾ ഉണ്ടായെന്നും എത്ര ബോട്ടുകൾ രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്തുവെന്നും വ്യക്തമാക്കുമോ ?

<u>പരവൂർ നെല്ലേറ്റിൽ കുടിവെള്ള ടാങ്ക് നിർമ്മാണം</u>

4442. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ - തീരസമൃദ്ധി - പരവൂർ മുൻസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതിയ്ക്ക് സ്ഥലം ലഭ്യമായത് പുതുക്കി ഭരണാനുമതി നൽകി നെല്ലേറ്റിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷ (ഫയൽ നമ്പർ 2116/C2/13) ഗവൺമെന്റിൽ ഉണ്ടോ;

(ബി) ഈ അപേക്ഷയിന്മേൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

(സി) നെല്ലേറ്റിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിലേക്ക് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ അവ ഒഴിവാക്കി ടാങ്ക് നിർമ്മാണം ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ചെമ്മീൻ ഫാമുകൾ</u>

4443. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എ.എ ലൈസൻസുള്ള ചെമ്മീൻ ഫാമുകൾക്ക് സി.ആർ.ഇസഡ്- ന്റെ പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ നൽകാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി ലഭിക്കാത്തതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ ഉയർന്ന നിലയിൽ ഉദ്പാദനം നടത്തുന്ന എൽ-വനാമി പോലുള്ള ചെമ്മീൻ കൃഷി കേരളത്തിൽ നടത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കാമോ ?

## പുന്നപ്ര ഫിഷ്‌ലാന്റിംഗ് സെന്റർ

4444. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ലേലത്തിലാണോ നൽകുന്നത് ; 2011-2012 മുതൽ 2014-2015 വരെ ഓരോ വർഷവും എന്തു തുകയ്ക്കാണ് ലേലം നൽകിയതെന്നും ആരാണ് ലേലം പിടിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) ലേല നടപടികൾ ഗ്രാമപഞ്ചായത്തിനെ അറിയിക്കാറുണ്ടോ ; ലേലം നടന്നില്ലെങ്കിൽ ഇവിടെ പകരം ക്രമീകരണം എങ്ങനെയാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) സൈക്കിൾ, സ്കൂട്ടർ, മുച്ചക്ര വാഹനം, ഹെവി വെഹിക്കിൾ എന്നിവയ്ക്ക് ഫിഷ് ലാന്റിംഗ് സെന്ററിൽ ചാർജ് ഈടാക്കാറുണ്ടോ ; എങ്കിൽ ഇവയുടെ നിരക്കെത്രയാണ് ; വ്യക്തമാക്കാമോ ;

(ഇ) ഇവിടെ പ്രവർത്തനയോഗ്യമായ എത്ര മുറികൾ ഉണ്ടെന്നും പ്രസ്തുത മുറികൾ എന്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ ; മുറികളുടെ വാടക എത്ര രൂപയാണ് ;

(എഫ്) പ്രസ്തുത മുറികൾ ഇപ്പോൾ ആരെല്ലാണാണ് കൈവശം വച്ചിരിക്കുന്നത് ; വ്യക്തമാക്കാമോ ;

(ജി) ഇവിടെ കാന്റീൻ പ്രവർത്തനം ആരംഭിക്കുമോ ; ഇതിനായി കുടുംബശ്രീയെ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

## ട്രോളിംഗ് നിരോധനം

4445. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാല ട്രോളിംഗ് നിരോധനംമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ;

(ബി) ട്രോളിംഗ് നിരോധന കാലയളവിൽ എത്ര ടൺ മത്സ്യം അധികമായി ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

## കുട്ടനാട് പാക്കേജ്

4446. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽപ്പെടുത്തി ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കുട്ടനാട് പാക്കേജിൽപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

## ഉൾനാടൻ മത്സ്യ ഉൽപാദനം, മാതൃകാ മത്സ്യകൃഷിയിടങ്ങൾ, നവീന അക്വാകൾച്ചർ

4447. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും മാതൃകാ മത്സ്യകൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനും നവീന അക്വാ കൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2014-15 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കി വച്ചിരുന്നത് ;

(ബി) ഇതിൽ എത്ര തുക ഇതിനായി അനുവദിച്ചു;എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കാനുദ്ദേശിച്ച പദ്ധതികൾ ഏതെല്ലാം; ഇനിയും നടപ്പിലാക്കാത്തവ ഏതെല്ലാം ?

<u>കാസർഗോഡ് ജില്ലയിൽ തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ</u>

4448. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ തീരദേശപദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകൾക്കാണ് ഭരണാനുമതി നൽകിയതെന്ന് റോഡ്, പഞ്ചായത്ത്/നഗരസഭ, അടങ്കൽ തുക, തീയതി തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ബാക്കി പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്തെന്നും പ്രവൃത്തി തിരിച്ച് വിശദമാക്കാമോ ?

<u>എറണാകുളത്തെ വല നിർമ്മാണ ഫാക്ടറി</u>

4449. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ വല നിർമ്മാണ ഫാക്ടറിയിലെ പഴയ വലനിർമ്മാണ യന്ത്രങ്ങൾ ഘട്ടം ഘട്ടമായി മാറ്റി പുതിയ യന്ത്രങ്ങൾ സ്ഥാപിക്കാനായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതെല്ലാം ഇനിയും സ്ഥാപിക്കാനുണ്ട് ; വ്യക്തമാക്കുമോ?

<u>ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുന്ന അമ്പലപ്പുഴ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം</u>

4450. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരം കടൽ എടുത്തതിനാൽ വീടും സ്ഥലവും നഷ്ടപ്പെട്ട് വിവിധ ക്യാമ്പുകളിലായി കഴിയുന്ന അമ്പലപ്പുഴ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ ശിശുവിഹാർ വണ്ടാനം, കരിനില വികസന ഏജൻസി പുറക്കാട്, എസ്.വി.ഡി.യു.പി സ്കൂൾ പുറക്കാട്, റെയിൽവേ പുറംപോക്ക് വണ്ടാനം, വാടക വീടുകൾ എന്നിവിടങ്ങളിൽ എത്ര കുടുംബങ്ങൾ വീടും സ്ഥലവുമില്ലാതെ കഴിയുന്നു ; അവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ ;

(സി) ക്യാമ്പ് നിവാസികൾക്ക് പ്രാഥമിക കാര്യം നിർവ്വഹിക്കുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുമോ ; ഇവർക്ക് സൗജന്യ റേഷൻ മുടക്കം കൂടാതെ നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>പോളപ്പായൽ കാരണമുണ്ടാകുന്ന പ്രതിസന്ധി</u>

4451. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ കായലുകളിൽ പോളപ്പായൽ അടിയുന്നതുമൂലം മത്സ്യത്തൊഴിലാളികൾക്ക് മീൻപിടിക്കാനോ, വള്ളമിറക്കാനോ പറ്റാത്ത അവസ്ഥയാണുള്ളതെന്നും ഇതുമൂലം അവരുടെ ജീവിതം പ്രതിസന്ധിയിലാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവിതമാർഗ്ഗം അടയുകയും കുടുംബങ്ങൾ പട്ടിണിയാകുകയും ചെയ്യുന്ന പ്രസ്തുത സാഹചര്യത്തിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

4452. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>മത്സ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ</u>

4453. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി 2014-15 ബജറ്റിൽ നീക്കിവെച്ചിരുന്ന 177.40 കോടി രൂപയിൽ എത്ര തുക ഇതുവരെ അനുവദിച്ചുവെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) ഈ തുക ഉപയോഗിച്ച് മത്സ്യ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് തീരുമാനിച്ചിരുന്നത് ; ഇതിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിൽ വരുത്താതെ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനെ തെറ്റിദ്ധരിപ്പിക്കുന്ന മാഫിയാ സംഘങ്ങൾ</u>

4454. ശ്രീ.സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിലൂടെ കഴിഞ്ഞ മൂന്നു കൊല്ലങ്ങൾക്കുള്ളിൽ എത്ര രൂപയുടെ കടങ്ങൾ എഴുതിത്തള്ളുവാൻ സാധിച്ചിട്ടുണ്ട് ;

(ബി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകളിൽ ഉൾപ്പെടാത്തവരും മത്സ്യത്തൊഴിലാളികളല്ലാത്തവരുമായവരുടെ കടങ്ങൾ, വ്യാജരേഖകൾ ചമച്ച് എഴുതിത്തള്ളിപ്പിക്കുന്നതിനായി മത്സ്യത്തൊഴിലാളി മേഖലയിൽ പ്രവർത്തിച്ചു വരുന്ന മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കടാശ്വാസ കമ്മീഷനുകളെയും സർക്കാരിനെയും തെറ്റിദ്ധരിപ്പിച്ച് സർക്കാർ പണം കൊള്ളയടിക്കുന്ന മാഫിയാ സംഘങ്ങൾക്കെതിരെ ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദനബോണസ്

4455. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ സംസ്ഥാന ബജറ്റിൽ മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച, ഉല്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപാദന ബോണസ് അനുവദിക്കാനുളള പദ്ധതിയിലേയ്ക്ക് വകയിരുത്തിയിരുന്ന തുകയിൽ എത്ര തുക ചെലവഴിച്ചു ; എത്ര തുക ചെലവഴിക്കാനായി ബാക്കിയുണ്ട് ; വ്യക്തമാക്കാമോ ?

മത്സ്യത്തൊഴിലാളികൾക്കായി പാർപ്പിട സമുച്ചയം

4456. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യ തൊഴിലാളികൾക്കായി പാർപ്പിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത സംരംഭത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ഫിഷറീസ് വകുപ്പ് അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ കൊയിലാണ്ടി മണ്ഡലത്തിൽ നിന്നുള്ള അപേക്ഷകർ എത്ര; അപേകഷകരുടെ പേര്, വിലാസം എന്നിവ വ്യക്തമാക്കി പട്ടിക ലഭ്യമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ ഈ വിഷയത്തിൽ തുടർന്ന് വരുന്ന നടപടികൾ വിശദമാക്കാമോ; ആരുടെയെല്ലാം അപേക്ഷകൾ ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചു; വിശദമായി വ്യക്തമാക്കാമോ?

ടീം സോളാർ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താൻ നടപടി

4457. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടീം സോളാർ കമ്പനിയെ 1956 ലെ കമ്പനികാര്യ നിയമം അനുസരിച്ച് കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) സരിത എസ്.നായരേയും അവരുടെ തട്ടിപ്പുകൾക്ക് കൂട്ടുനിന്നവരെയും കേന്ദ്ര ഏജൻസികളുടെ ചോദ്യം ചെയ്യലിൽനിന്നു രക്ഷിക്കാനാണ് പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തട്ടിപ്പിനെക്കുറിച്ച് കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തെ രണ്ടു കൊല്ലമായിട്ടും അറിയിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത കമ്പനിയാണ് ടീം സോളാർ എന്ന് അറിവുണ്ടോ;

(ഇ) പ്രസ്തുത കമ്പനിയെ 1956 ലെ കമ്പനികാര്യ നിയമം അനുസരിച്ച് കരിമ്പട്ടികയിൽപ്പെടുത്താൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

പുതിയ പോലീസ് സ്റ്റേഷനുകളും സർക്കിൾ ഓഫീസുകളും

4458. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പോലീസ് സ്റ്റേഷനുകളും സർക്കിൾ ഓഫീസുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസുകളുടെ വർദ്ധനവും വിശാലവും ജനസാന്ദ്രതയേറിയതും വർഗ്ഗീയവും രാഷ്ടീയവുമായി സെൻസിറ്റീവ് ഏരിയയായി കണക്കാക്കപ്പെടുന്നതുമായ തീരദേശ മേഖല ഉൾപ്പെടുന്നതും, കേന്ദ്ര സർവ്വകലാശാലയും ബേക്കൽ ടൂറിസ്റ്റ് കേന്ദ്രവുമടക്കം സ്ഥിതി ചെയ്യുന്നതും പരിഗണിച്ച് ഹോസ്ദുർഗ്ഗ് പോലീസ് സർക്കിൾ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കഞ്ചാവ് വില്പന സംബന്ധിച്ച് കാസർകോട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

4459. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ന ശേഷം കഞ്ചാവ് വില്പന സംബന്ധിച്ച എത്ര കേസുകളാണ് കാസർകോട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും എത്ര പേരെ ശിക്ഷിച്ചി ട്ടുണ്ടെന്നും പറയാമോ ;

(സി) ജില്ലയിൽ പ്രധാനമായും കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ വ്യാപകമായി കഞ്ചാവ് വില്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്കൂൾ വിദ്യാർത്ഥികളടക്കം ഇതിന്റെ ഇരകളാകുന്നു എന്നത് പരിഗണിച്ച് കഞ്ചാവ് വില്പന കർശനമായി നിരോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഐ. ജി. ടി. ജെ. ജോസ് ഐ. പി. എസിന്റെ കോപ്പിയടി കേസ്

4460. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ജി. ടി. ജെ. ജോസ് ഐ. പി. എസിന്റെ കോപ്പിയടിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ആഭ്യന്തരവകുപ്പ് ടിയാനെതിരെ കേസ് എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

സമരം ചെയ്തവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ

4461. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ നടപടികൾക്കെതിരെ സമരം ചെയ്ത വിദ്യാർത്ഥി, യുവജന, പ്രതിപക്ഷ പാർട്ടി പ്രവർത്തകർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കേസുകളിലെല്ലാം കൂടി എത്ര പേരെ പ്രതി ചേർത്തിട്ടുണ്ടെന്നും എത്ര പേരെ റിമാന്റ് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ ?

വിദേശ ഫണ്ട് ലഭിക്കുന്ന എൻ ജി ഓ കൾ

4462. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻ ജി ഓ കളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്; വിശദമാക്കാമോ;

(ബി) ഈയിടെ കേന്ദ്രസർക്കാർ രാജ്യത്തെ 9000 ത്തോളം എൻ.ജി.ഓ കളുടെ രജിസ്ട്രേഷൻ റദ്ദാക്കിയത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; സംസ്ഥാനത്ത് അംഗീകാരം റദ്ദാക്കിയ എൻ.ജി .ഓ കൾ ഉണ്ടോ; വ്യക്തമാക്കാമോ?

ഗ്രേഡ് എസ്.ഐ.മാത്യുവിനെതിരെ നടപടി

4463. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ. ആയ ശ്രീ. മാത്യു മുതിർന്ന സ്ത്രീകളോടും പൊതുപ്രവർത്തകരോടും അപമര്യാദയായി പെരുമാറുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വ്യക്തിക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

(സി) സ്വീകരിച്ചിട്ടില്ലെങ്കിൽ ഇദ്ദേഹത്തിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ദിനേശ് ബീഡി ബ്രാഞ്ച് ഓഫീസ് തീവെച്ച് നശിപ്പിച്ച സംഭവം

4464. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെർക്കളയിൽ സ്ത്രീകൾ മാത്രം ജോലി ചെയ്തു വരുന്ന ദിനേശ് ബീഡി ബ്രാഞ്ച് ഓഫീസ് തുടർച്ചയായി തീവെച്ച് നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആരെക്കെയാണ് ഈ കേസിലെ പ്രതികൾ എന്നും അറിയിക്കുമോ;

(സി) ഈ കേസ്സുകളിൽ ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്രപേരെ പിടികിട്ടാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായോ അവരുടെ പോഷകസംഘടനകളുമായോ ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനം തീവെച്ച് നശിപ്പിക്കാനുള്ള പ്രതികളുടെ ഉദ്ദേശോദ്ദേശം എന്താണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ബ്ലേഡ് മാഫിയ സംഘങ്ങൾക്കെതിരെ നടപടി

4465. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയ സംഘങ്ങളെ അമർച്ച ചെയ്യാൻ സ്വീകരിച്ച ഓപ്പറേഷൻ കുബേര പോലുള്ള പദ്ധതികൾ വ്യാപകമാക്കുവാൻ നടപടി സ്വീകരിക്കാമോ;

(ബി) ബ്ലേഡ് മാഫിയ സംഘങ്ങൾ ചെയ്യുന്ന വിധത്തിലുള്ള ഇത്തരം ജനദ്രോഹപരമായ പ്രവർത്തനം നിയമം മൂലം സ്ഥാപിക്കപ്പെട്ട പല സഹകരണസംഘങ്ങളും ചെയ്തുവരുന്നുവെന്ന ആരോപണം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പല സഹകരണ ബാങ്കുകളും സാധാരണക്കാരന് വായ്പ നൽകുമ്പോൾ മുൻകൂറായി വാങ്ങുന്ന ബ്ലാങ്ക് ചെക്ക് ലീഫുകൾ, വായ്പക്കാരൻ വായ്പ അടയ്ക്കാൻ വീഴ്ച വരുത്തുമ്പോൾ സഹകരണനിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കാതെ വ്യാജരേഖകൾ ചമച്ച് തുക എഴുതി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിലെ വ്യവസ്ഥകളെ ദുരുപയോഗം ചെയ്ത് വണ്ടിച്ചെക്ക് കേസുകൾ കോടതികളിൽ ഫയൽ ചെയ്തുവരുന്നതിനെക്കുറിച്ചന്വേഷിക്കാമോ;

(ഡി) ഒരു സഹകരണ ബാങ്ക് സെക്രട്ടറി ചെയ്തുവരുന്ന ഇത്തരം നടപടിക്കെതിരെ കഴിഞ്ഞ കൊല്ലം ഒരു ജനപ്രതിനിധി ആഭ്യന്തര ഇന്റലിജൻസ് വിഭാഗത്തിന് തെളിവുസഹിതം പരാതി നൽകിയിട്ടുണ്ടോ; ഈ പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

## സ്ത്രീ സുരക്ഷാ പദ്ധതി

4466. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സുരക്ഷാ പദ്ധതിക്ക് ആഭ്യന്തരവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുതപദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

## പോലീസ് കംപ്ലെയിന്റ് അതോറിറ്റി

4467. ശ്രീ.സി.മമ്മൂട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലെയിന്റ് അതോറിറ്റി രൂപീകൃതമായശേഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; അവയിൽ എത്രയെണ്ണത്തിൽ തീർപ്പുകൽപിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ നിലവിൽ വന്നതെന്നാണ് ; അതിനുശേഷം ഓരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചിട്ടുണ്ടെന്നും, എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പരാതികൾ തീർപ്പ് കൽപ്പിക്കാൻ കാലതാമസം വരുത്തി പോലീസ് ഉദ്യോഗസ്ഥൻമാരെ രക്ഷപ്പെടുത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ ; ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുമോ ?

## സൈബർ സ്റ്റേഷനുകൾ

4468. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സൈബർ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഈ സ്റ്റേഷനുകളിലെല്ലാം കൂടി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ഇതിൽ 18 വയസ്സിൽ താഴെയുള്ള എത്ര കുട്ടികൾ കേസിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ?

## സൈബർ തട്ടിപ്പുകൾ

4469. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലതരം തട്ടിപ്പുകൾക്കും ഇന്റർനെറ്റ് ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തട്ടിപ്പുകൾ ഫലപ്രദമായി കണ്ടെത്തുവാൻ നിലവിലുള്ള പോലീസ് സംവിധാനങ്ങൾ വെളിപ്പെടുത്തുമോ;

(സി) സൈബർ തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളത്;

(ഡി) സൈബർ തട്ടിപ്പുകൾ തടയുന്നതിനായി പോലീസിന്റെ ഇന്റലിജൻസ് സംവിധാനം പരിഷ്കരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

## കൊച്ചി കേന്ദ്രമാക്കി അനാശാസ്യ പ്രവർത്തനങ്ങൾ

4470. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കേന്ദ്രമായി ഭാര്യ-ഭർത്തൃ വച്ചുമാറൽ വ്യാപകമാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഫേസ് ബുക്കിലൂടെയാണ് സമാന ചിന്താഗതിയുള്ള ഇത്തരക്കാരുടെ പ്രവർത്തനം നടക്കുന്നത് എന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) ഇതിനെതിരെ എന്തെല്ലാം നിയമനടപടി സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

## സൈബർ കുറ്റകൃത്യങ്ങൾ

4471. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സൈബർ കുറ്റകൃത്യങ്ങളുടെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഓരോ വർഷവും സൈബർ കുറ്റകൃത്യങ്ങളിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാനും നടപടികൾ സ്വീകരിക്കുവാനും നിലവിലുള്ള കുറ്റാന്വേഷണ സംവിധാനങ്ങൾ എന്തെല്ലാമാണ്?

## പോലീസ് ഉദ്യോഗസ്ഥർക്ക് അപകട ഇൻഷ്വറൻസ്

4472. **ശ്രീ.ജോസഫ് വാഴയ്ക്കൻ**
**,, പി.എ.മാധവൻ**
**,, തേറമ്പിൽ രാമകൃഷ്ണൻ**
**,, വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് അപകട ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ;

(സി) ഇതിനുള്ള ധനം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ആദിവാസി ഭൂമി തട്ടിപ്പ്</u>

T 4473. ശ്രീ.എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസികളുടെ ഭൂമി കാറ്റാടിക്കമ്പനിക്കുവേണ്ടിയും മറ്റും തട്ടിയെടുത്തത് സംബന്ധിച്ച കേസുകളുടെ അന്വേഷണത്തിന്റെ വിശദവിവരം നല്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവയിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെ സംബന്ധിച്ച വിശദവിവരം നല്കാമോ ;

(സി) ആദിവാസി ഭൂമി തട്ടിപ്പിൽ ഉദ്യോഗസ്ഥർക്കും രാഷ്ട്രീയ കക്ഷികൾക്കുമുള്ള പങ്കിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ആദിവാസി ഭൂമി തട്ടിപ്പ് പ്രശ്നത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചകളെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തുമോ ?

<u>ഇരുചക്ര വാഹന യാത്രക്കാരോടുള്ള പോലീസിന്റെ സമീപനം</u>

4474. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധനയുടെ പേരിൽ ഇരുചക്രവാഹനങ്ങളെ പോലീസ് പിന്തുടരുന്നതും അവഹേളിക്കുന്നതുമായ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഹെൽമെറ്റ് ധരിക്കാത്തതിന് ഫൈൻ ഈടാക്കുന്നതിനു പകരം , ഇരുചക്രവാഹനങ്ങളെ വഴിയിൽ തടഞ്ഞ് വലിയ വകുപ്പുകൾ ചേർത്ത് കേസുകൾ ചാർജ്ജുചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ജനങ്ങളെ എല്ലാവരെയും കുറ്റവാളികളായി കാണുന്ന ഇത്തരം രീതികൾ ഒഴിവാക്കുന്നതിനും അതിനെ പ്രോത്സാഹിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ കർശനമായി വിലക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>നിർഭയ കേരളം സുരക്ഷിത കേരളം</u>

4475. ശ്രീ.കെ.രാധാകൃഷ്ണൻ

ഡോ.കെ.ടി.ജലീൽ

ശ്രീമതി.പി. അയിഷാ പോറ്റി

,, കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നു ; ലക്ഷ്യവും പ്രവർത്തനവും സാക്ഷാൽക്കരിക്കപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെയുണ്ടായ അതിക്രമങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; സ്ത്രീകൾക്കെതിരെയുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ സ്ഥിതിവിവരക്കണക്കുകളുടെ പശ്ചാത്തലത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കിയതിനു ശേഷം സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ കൊല്ലപ്പെട്ടിട്ടുണ്ടോ

;വിശദമാക്കുമോ ?

<u>കഞ്ചാവ് കൈവശം വെച്ചെന്ന വ്യാജേന കേസിൽപെടുത്താൻ ഗൂഡാലോചന നടത്തിയതുമായി ബന്ധപ്പെട്ട കേസ്</u>

4476. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ, കഞ്ചാവ് കൈവശം വച്ചെന്ന വ്യാജേന കേസിൽപെടുത്താൻ ഗൂഡാലോചന നടത്തിയ സംഭവത്തിൽ കേസ് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണ് എന്നറിയിക്കുമോ;

(സി) എത്ര പേരെയാണ് ഈ കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ളത്;

(ഡി) 31704/SSA1/2012/Home ഫയലിൽ പോലീസ് വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം തീയതികളിലാണ് കത്തയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്ന് വശദമാക്കാമോ;

(എഫ്) പ്രസ്തുത കേസ് ക്രൈംബ്രഞ്ചിന് വിടണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>വ്യവസായ സുരക്ഷാ സേനയുടെ പ്രവർത്തനം</u>

4477. ശ്രീ.ലൂഡി ലൂയിസ്

,, ഹൈബി ഈഡൻ

,, എ.റ്റി.ജോർജ്

,, ഐ.സി.ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സുരക്ഷാ സേനയുടെ പ്രവർത്തനത്തിന് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(സി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

<u>സ്കൂൾ അടിച്ചു തകർത്ത സംഭവം</u>

4478. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂൺ 24 ന് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ദുർഗ്ഗാ ഹയർ സെക്കന്ററി സ്കൂൾ അടിച്ചു തകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രതികളെന്നും ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കേസ്സിലെ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായോ അവരുടെ പോഷക സംഘടനയുമായോ ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## പോലീസ് വകുപ്പിലെ വാഹനങ്ങൾ

4479. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ എത്ര വാഹനങ്ങൾ നിലവിലുണ്ടെന്നും ആയതിൽ എത്രയെണ്ണം പ്രവർത്തനക്ഷമമായുണ്ടെന്നും പ്രവർത്തനരഹിതമായവ എത്രയെന്നും ഇനം തിരിച്ച് വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വാഹനമോടിക്കുന്ന പോലീസുദ്യോഗസ്ഥർ/ഡ്രൈവർമാർ എത്രയെന്നും ലൈറ്റ് /ഹെവി മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനായി എത്ര ഡ്രൈവർമാർ ആവശ്യമുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ പോലീസ് വകുപ്പിൽ, ഇരുചക്രവാഹനമുൾപ്പെടെയുള്ള വാഹനങ്ങളിൽ എത്ര വാഹനങ്ങൾക്ക് ആർ.റ്റി.ഒ യുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും മലിനീകരണ സർട്ടിഫിക്കറ്റുമുണ്ടെന്നും ഇല്ലാത്തവ എത്രയെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പോലീസ് വകുപ്പിന്റെ വാഹനങ്ങളിൽ 2011 മുതൽ 2015 വരെ എത്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടുവെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ള വാഹനങ്ങൾ എത്ര അപകടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്, ഇല്ലാത്തവ എത്ര അപകടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് ; വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പോലീസ് വകുപ്പിൽ 15 വർഷത്തിൽ കൂടുതലായതും അല്ലാത്തതുമായ വാഹനങ്ങൾ എത്ര ; 2011-ന ശേഷം വാങ്ങിയ വാഹനങ്ങളെത്രയെന്നും 2011-ന ശേഷം എത്ര വാഹനങ്ങൾ ലേലം ചെയ്തുവെന്നും എത്ര തുക ഈ വകയിൽ ലഭിച്ചു എന്നും വ്യക്തമാക്കുമോ ;

(എഫ്) പോലീസ് വകുപ്പിൽ വാഹനം ഓടിക്കുന്ന പോലീസുകാർ എത്രപേർ എന്നും അവരിൽ യഥാവിധി സർട്ടിഫിക്കറ്റുള്ളവർ എത്രയെന്നും ഇല്ലാത്തവരെത്രയെന്നും എത്ര പോലീസുകാരെ നിർബന്ധ സേവനത്തിന്റെ ഭാഗമായി ഇത്തരം സ്ഥലങ്ങളിൽ സേവനത്തിനായി ഉപയോഗിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ജി) പോലീസ് വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങളിൽ പ്രതികൾ രക്ഷപ്പെടുന്നത് പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

## ആലപ്പുഴ ജില്ലയിൽ വർദ്ധിച്ചു വരുന്ന മോഷണം

4480. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മോഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആലപ്പുഴ ജില്ലയിൽ എത്ര മോഷണക്കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട് ;

(സി) അരൂർ നിയോജകമണ്ഡലം എം.എൽ.എ യുടെ വീട്ടിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

## ഉഴവൂർ മോനിപ്പള്ളി ജോസഫ് കുര്യന്റെ കൊലപാതകം

4481. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ പഞ്ചായത്ത് മോനിപ്പള്ളി വില്ലേജിൽ ജോസഫ് കുര്യൻ എന്ന ബേബിയുടെ കൊലപാതകത്തെക്കുറിച്ചുള്ള പോലീസ് അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഈ കൊലപാതകത്തെ സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം ഏതുഘട്ടത്തിലാണ്; ഈ അന്വേഷണത്തിലൂടെ യഥാർത്ഥ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) അന്വേഷണത്തിനായി സ്പെഷ്യൽ ടീമിനെ നിയമിച്ചിട്ടുണ്ടോ ; ആരൊക്കെയാണ് ടീം അംഗങ്ങൾ എന്നും അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ തുടർ നടപടിയും വിശദമാക്കുമോ ?

## ക്യാമ്പ് ഫോളോവർ കെ.എം. അയ്യപ്പൻെറ ഭാര്യയ്ക്ക് ആശ്രിത നിയമനം

4482. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ കമാൻറൻറ് ഓഫീസ്, കെ.എ.പി വൺ ബറ്റാലിയൻ, ആർ.വി.പുരം, തൃശ്ശൂർ ക്യാമ്പ് ഫോളോവർ-374 ആയി ജോലി ചെയ്തുകൊണ്ടിരിക്കെ, 16.12.2013 ൽ മരണമടഞ്ഞ എറണാകുളം ജില്ലയിൽ, ഏഴാറ്റുമുഖം. പി.ഒ., മൂക്കന്നൂർ ദേശത്ത് കാലടി വീട്ടിൽ രാമൻമാക്കോത മകൻ കെ.എം. അയ്യപ്പൻെറ ആശ്രിതർക്ക് ആനുകൂല്യങ്ങളും ആശ്രിതനിയമനവും ലഭിയ്ക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കെ.എം. അയ്യപ്പൻെറ ഭാര്യയ്ക്ക് ആശ്രിത നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

## കായംകുളം മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം

4483. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര എച്ച്.എസ്, ഗവ. ബോയ്സ് എച്ച്.എസ്, കായംകുളം, സി.എം.എസ്- എച്ച്.എസ് കറ്റാനം, പഞ്ചായത്ത് എച്ച്.എസ് പത്തിയൂർ എന്നിവിടങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

## വർക്കല മുത്താനയിലെ ശ്രീനാരായണ ഗുരു മന്ദിരം ആക്രമണം

4484. **ശ്രീ.വർക്കല കഹാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മുത്താനയിലെ ശ്രീനാരായണ ഗുരു മന്ദിരം 2014 സെപ്റ്റംബർ 21 ഞായറാഴ്ച അടിച്ച് തകർക്കപ്പെട്ട സംഭവത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിന് ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, അന്വേഷണ സംഘത്തിൽ ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ട്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത അക്രമവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകൾ മുഖ്യമന്ത്രി/ആഭ്യന്തരമന്ത്രി/ പോലീസ് മേധാവി എന്നിവർക്ക് നിവേദനം നൽകിയിട്ടുണ്ട്;പ്രസ്തുത ആവശ്യത്തിനുമേൽ എന്ത് നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) മേൽ ആക്രമസംഭവങ്ങളുടെ സാഹചര്യത്തിൽ അത്തരത്തിലുള്ള അതിക്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

തടവുകാരെ നിരീക്ഷിക്കുന്നതിന് സി.സി.ടി.വി. ക്യാമറകള്‍

4485. ശ്രീ.ഐ.സി.ബാലകൃഷ്ണന്‍

,, ഹൈബി ഈഡന്‍

,, തേറമ്പില്‍ രാമകൃഷ്ണന്‍

,, ആര്‍ . സെല്‍വരാജ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) തടവുകാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം കര്‍മ്മപരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി സെല്ലുകളില്‍ സി.സി.ടി.വി. ക്യാമറകള്‍ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങള്‍ നല്‍കുമോ ;

(സി) സന്ദര്‍ശകരെയും തടവുകാരെയും നിരീക്ഷിക്കാന്‍ എന്തെല്ലാം സംവിധാനങ്ങള്‍ ഇതില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ട് ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

സൈബര്‍ഡോം പദ്ധതി

4486. ശ്രീ.കെ.എസ്.ശബരീനാഥന്‍

,, സി.പി.മുഹമ്മദ്

,, ഷാഫി പറമ്പില്‍

,, ഹൈബി ഈഡന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സൈബര്‍ഡോം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നടപ്പാക്കാന്‍ എന്തെല്ലാം സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ട് ?

റാഗിംഗിന് വിധേയനായ അഹബ് ഇബ്രാഹിമിന്റെ മരണം

4487. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ബാംഗ്ലൂര്‍ ആചാര്യപോളിടെക്നിക്ക് കോളേജില്‍ റാഗിംഗിന് വിധേയനായി ചികിത്സയിലിരിക്കെ 10.03.2014 ല്‍ മരണമടഞ്ഞ ചാലക്കുടി പൂപ്പറമ്പില്‍ വീട്ടില്‍ സയ്യിദ് ഇബ്രാഹിമിന്റെ മകന്‍ അഹബ് ഇബ്രാഹിമിന്റെ മരണത്തിനുത്തരവാദികളായവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് അഹബിന്റെ രക്ഷിതാക്കള്‍ സമര്‍പ്പിച്ച പരാതിയില്‍ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനില്‍ ക്രൈം നമ്പര്‍ 363/14 ആയി രജിസ്റ്റര്‍ ചെയ്ത കേസ്സില്‍ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; അന്വേഷണം ഊര്‍ജ്ജിതമാക്കാന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ ?

മോട്ടോര്‍ സൈക്കിള്‍ അപകടങ്ങള്‍

T 4488. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ 18 വയസ്സിനു താഴെയുള്ള കുട്ടികൾ മോട്ടോർ സൈക്കിൾ ഓടിച്ചുണ്ടായ എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ അപകടങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് മാരകമായി പരിക്ക പറ്റിയിട്ടുണ്ട്;

(സി) സംസ്ഥാനത്തെ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂളുകളിൽ മോട്ടോർ പോലീസ് വകുപ്പ്, വാഹന വകുപ്പ്എന്നിവരുടെ നേതൃത്വത്തിൽ വാഹന അപകടങ്ങളെയും ട്രാഫിക് നിയമങ്ങളെയും അപകടങ്ങളിലെ ജീവഹാനിയെയും കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>പാലക്കാട് ജില്ലയിലെ റോഡപകടങ്ങൾ</u>

4489. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ 6 മാസത്തിനിടയിൽ എത്ര റോഡപകടങ്ങൾ സംഭവിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്രപേർ മരണപ്പെടുകയുണ്ടായി ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ജില്ലയിലെ റോഡ് സുരക്ഷാ കൗൺസിലോ സർക്കാരോ ഇതിനുവേണ്ടി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>പോലീസിൽ ഗവേഷണത്തിനും വികസനത്തിനുമായി പ്രത്യേക ടീം</u>

4490. ശ്രീ.വി.ഡി.സതീശൻ
,, ലൂഡി ലൂയിസ്
,, കെ.ശിവദാസൻ നായർ
,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിൽ ഗവേഷണത്തിനും വികസനത്തിനുമായി പ്രത്യേക ടീമുകൾ രൂപവൽക്കരിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

<u>കൊയിലാണ്ടി മണ്ഡലത്തിലെ വികസന പദ്ധതികൾ</u>

4491. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ/പ്രവൃത്തികൾ എന്തെല്ലാം ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് സഹിതം വ്യക്തമാക്കാമോ ?

<u>ഓപ്പറേഷൻ കുബേര</u>

4492. ശ്രീ.എളമരം കരീം

,, എം. ഹംസ

,, പി.കെ.ഗുരുദാസൻ

,, ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലേഡ്/വട്ടിപ്പലിശക്കാർ ഇപ്പോഴും പ്രവർത്തിച്ചുവരുന്നതായി അറിയാമോ ; വായ്പ ആവശ്യക്കാർക്ക് ഇത്തരക്കാരെ ആശ്രയിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പ്രഖ്യാപിച്ച ഋണമുക്തി പദ്ധതി തികഞ്ഞ പരാജയമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(സി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കുടുംബശ്രീയും സഹകരണ സംഘങ്ങളും വഴി വായ്പാ ആനുകൂല്യങ്ങൾ നിറവേറ്റാൻ കഴിയുന്ന നിലയിൽ പലിശ സബ്സിഡി തുടക്കത്തിൽ തന്നെ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വൻകിട ബ്ലേഡ് പലിശക്കാരുടെ സ്വാധീനം മൂലം അത്തരക്കാർക്കെതിരെ പരാതി പറയാൻ വായ്പക്കാർ ഭയപ്പെടുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഓപ്പറേഷൻ കുബേര

4493. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കൊട്ടാരക്കര റൂറൽ പോലീസ് സ്റ്റേഷൻ പരിധിയിൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പോലീസ് സ്റ്റേഷൻ തിരിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കേസുകളിൽ എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ഡി) ആയതിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്ത കേസുകളും ആയതിന്റെ കാരണവും വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ

4494. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ വർഗ്ഗീയസംഘർഷങ്ങൾ ,രാഷ്ട്രീയ സംഘർഷങ്ങൾ സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ,പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അക്രമങ്ങൾ സംബന്ധിച്ച കേസുകൾ ; ബാലപീഡനം, ഭവനഭേദനം, കളവ് എന്നീ വിഭാഗങ്ങളിൽപ്പെട്ട കേസ്സുകൾ എത്രവീതമെന്നു വിശദമാക്കുമോ ?

പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന് കോഴവാങ്ങുന്നതിനെതിരെ നടപടി

4495. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിന് കോഴവാങ്ങുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം കോളേജുകളുടെ പേരിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിവരിക്കാമോ?

മാവേലിക്കര മണ്ഡലത്തിൽ ട്രാഫിക് പോലീസ് യൂണിറ്റ്

4496. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ട്രാഫിക് പോലീസ് യൂണിറ്റ് 2015 ആഗസ്റ്റ് 15- ന് മുൻപായി പ്രവർത്തനം ആരഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(ബി) ട്രാഫിക് യൂണിറ്റ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; നിലവിൽ ട്രാഫിക് യൂണിറ്റിന്റെ സ്ഥിതി വ്യക്തമാക്കുമോ ?

നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സംവിധാനം

4497. ശ്രീ.വർക്കല കഹാർ

,, ആർ . സെൽവരാജ്

,, സണ്ണി ജോസഫ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച പോലീസ് കമ്മീഷണറേറ്റ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

അന്യസംസ്ഥാന തൊഴിലാളികൾക്ക് ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ

4498. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ ഒഴിവാക്കാനും കുറ്റം ചെയ്യുവരെ കണ്ടെത്താനും തൊഴിലാളികൾ ജോലിക്കുവരുന്നസ്ഥലത്തെ പോലീസ് സ്റ്റേഷനിൽ ഓൺലൈനായി ഒറ്റത്തവണ നിർബന്ധിത രജിസ്ട്രേഷൻ നടത്താൻ നടപടി സ്വീകരിക്കുമോ;

(ബി) രജിസ്ട്രേഷൻ ഇല്ലാത്ത തൊഴിലാളിയെകൊണ്ട് ജോലി ചെയ്യിക്കുന്ന കരാറുകാർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

നിരപരാധികളെ കുറ്റവാളികളാക്കുന്ന നടപടി

4499. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ മാസവും ഓരോ പോലീസ് സ്റ്റേഷനിലും ഒരു നിശ്ചിത എണ്ണം പെറ്റിക്കേസുകൾ ചാർജ്ജ് ചെയ്തിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ, ഇത് എന്തിനുവേണ്ടിയാണെന്ന് പറയാമോ ;

(ബി) ഇപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന്റെ ഭാഗമായി നിരപരാധികളുടെ പേരിൽ കള്ളക്കേസുകളുണ്ടാക്കുന്ന പോലീസ് നടപടി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) ഇതിനായി ഇരുചക്രവാഹനത്തിൽ യാത്രചെയ്യുന്ന സാധാരണക്കാരുടെ പേരിൽ ഇല്ലാത്ത കേസുണ്ടാക്കുന്നതും മാന്യന്മാരെ അവഹേളിക്കുന്നതും സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഈ പ്രവണത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>മത്സ്യവിപണനം മൂലമുള്ള ഗതാഗത തടസ്സം</u>

4500. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരക്കേറിയ കായംകുളം കെ.പി. റോഡിന്റെ വശങ്ങളിൽ പതിവായി കിലോമീറ്ററുകളോളം ദൂരം ഇടവിട്ട് ഗതാഗത തടസ്സം ഉണ്ടാകുന്ന തരത്തിൽ മത്സ്യവിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും പൊതുമാർക്കറ്റിലേയ്ക്ക് മത്സ്യവിപണനം മാറ്റുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>പോലീസിൻെറ മനുഷ്യാവകാശലംഘന പ്രവർത്തനങ്ങൾ</u>

4501. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
**,,** വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൻെറ മനുഷ്യാവകാശലംഘന പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള കേരള ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇ തിൻെറ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; കള്ളക്കേസ്സുകൾ ഉണ്ടാക്കുന്ന പോലീസുകാരെ കണ്ടെത്തി ശിക്ഷാ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ?

<u>ദേവാലയങ്ങളിൽ നടന്ന കവർച്ചകൾ</u>

4502. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ദേവാലയങ്ങളിൽ കവർച്ച നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കവർച്ച നടന്ന ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം ദേവാലയങ്ങളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ;ദേവാലയങ്ങൾ

(സി) ഇവിടങ്ങളിൽ നിന്നും എത്ര രൂപയുടെ വസ്തുവകകൾ കവർന്നിട്ടുണ്ട്;

(ഡി) ഇതിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്നും പ്രസ്തുത കേസ്സുകളിൽ എത്രയെണ്ണം തീർപ്പായിട്ടുണ്ടെന്നും എത്ര കേസ്സുകൾ അന്വേഷണത്തിൽ ആണെന്നും വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിലെ പ്രസിദ്ധമായ കമ്മോടത്ത് ഭഗവതീക്ഷേത്രം (വെസ്റ്റ് എംജി) 26-5-2015 ന് കവർച്ച ചെയ്ത വിവരം (ചിറ്റാരിക്കൽ പോലീസ് സ്റ്റേഷൻ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കവർച്ച നടത്തിയവരെ പിടികൂടിയിട്ടുണ്ടോ; എന്തൊക്കെ സാധനങ്ങളാണ് കവർച്ച ചെയ്തതെന്ന് വ്യക്തമാക്കാമോ?

തൃക്കൊടിത്താനം പോലീസ് സ്റ്റേഷൻ നിർമ്മാണം

4503. ശ്രീ.സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ തൃക്കൊടിത്താനത്ത് നിർമ്മിക്കുന്ന പോലീസ് സ്റ്റേഷന്റെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ കാര്യത്തിലുണ്ടാകുന്ന കാലതാമസം ഇല്ലാതാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾക്കുനേരെ നടന്ന അതിക്രമങ്ങൾ

4504. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾക്കുനേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതേത്തുടർന്ന് സ്ത്രീകൾ മരണപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ ?

തണ്ടർബോൾട്ട് സേനാവിഭാഗം

4505. ശ്രീ.വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ആർ . സെൽവരാജ്
,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തണ്ടർബോൾട്ട് സേനാവിഭാഗം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

ഫാസ്റ്റ്ട്രാക്ക് കോൾസെന്ററുകൾ

4506. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഫാസ്റ്റ്ട്രാക്ക് കോൾസെന്ററുകൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും ഇത് ഏതെല്ലാം സ്ഥലങ്ങളിലാണെന്നും വ്യക്തമാക്കാമോ ;

(ബി) എത്ര വീതം പോലീസ് ഉദ്യോഗസ്ഥരാണ് ഓരോ സെന്ററിലുമുള്ളത് ; പ്രസ്തുത സെന്ററുകൾ വഴി സ്ത്രീകൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് ;

(സി) ഇതുവരെ സേവനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര കോളുകൾ വീതം ഓരോ കോൾസെന്ററുകളിലും വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

കസ്റ്റഡിമരണങ്ങൾ

4507. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കസ്റ്റഡിമരണങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി ; വാർഷിക-ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് കസ്റ്റഡിമരണങ്ങൾ റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മരണങ്ങളുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) കസ്റ്റഡിമരണങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

## ബ്ലാക്ക്മെയിലിംഗ് കേസിന്റെ അന്വേഷണ പുരോഗതി

4508. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റുക്സാന, ബിന്ധ്യാസ് എന്നീ സ്ത്രീകൾ പ്രതികളായ ബ്ലാക്ക്മെയിലിംഗ് കേസിന്റെ അന്വേഷണ പുരോഗതി എന്തെന്നും ഈ കേസുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇതിൽ എത്ര പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ കേസിന്റെ അന്വേഷണ പുരോഗതിയുടെ വിശദാംശങ്ങളും ഈ കേസിൽ എത്ര പ്രതികൾ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് എന്നും ഈ പ്രതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ ;

(സി) ഈ കേസിൽ അറസ്റ്റുചെയ്യപ്പെട്ട പ്രതികളിൽ രാഷ്ട്രീയ ബന്ധമുള്ള ഏതെങ്കിലും വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

4509. ശ്രീ.സി.പി.മുഹമ്മദ്

,, പി.എ.മാധവൻ

,, ആർ . സെൽവരാജ്

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

## പ്രാർത്ഥനാലയങ്ങളിലെ ആക്രമണം

4510. ശ്രീ.എം.എ.ബേബി

,, ബി.സത്യൻ

,, എ.എം. ആരിഫ്

,, കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പ്രാർത്ഥനാലയങ്ങളിൽ പ്രാർത്ഥന നടത്തുന്നത് പോലീസ് വിലക്കിയിട്ടുണ്ടോ ;

(ബി) വിശ്വാസികൾക്ക് പ്രാർത്ഥന ഭരണഘടനാപരമായ അവകാശമാണെന്നിരിക്കെ ആറ്റിങ്ങലിലെ ഒരു പ്രാർത്ഥനാലയത്തിൽ ആർ.എസ്.എസ്.കാർ ആയുധങ്ങളുമായി ചെന്ന് പ്രാർത്ഥന തടസ്സപ്പെടുത്തിയതും മണമ്പൂരിൽ പോലീസ് തന്നെ പ്രാർത്ഥന തടസ്സപ്പെടുത്തിയതും ഇതിനു വിരുദ്ധമായ നടപടികളാണെന്നറിയാമോ ;

(സി) എങ്കിൽ പ്രാർത്ഥന തടസ്സപ്പെടുത്തിയ പോലീസുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ;

(ഡി) ഭരണഘടനാ ധ്വംസനത്തിന് പോലീസ് കൂട്ടുനിൽക്കുന്നുവെന്ന ആക്ഷേപത്തിൻമേൽ നിലപാട് വ്യക്തമാക്കാമോ ?

<u>പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

4511. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇതുവരെ സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) അതിക്രമങ്ങളെത്തുടർന്ന് ഈ കാലയളവിൽ എത്ര പെൺകുട്ടികൾ കൊല്ലപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവരുടെ എണ്ണവും വ്യക്തമാക്കുമോ ;

(ഡി) ഈ കേസുകളിൽ അന്വേഷണംപൂർത്തിയായവ എത്ര; പൂർത്തിയാകാത്തവ എത്ര ; വിചാരണ പൂർത്തിയാക്കിയവ എത്ര; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണവും വിട്ടയക്കപ്പെട്ടവരുടെ എണ്ണവും എത്ര; വ്യക്തമാക്കാമോ ?

<u>സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ</u>

4512. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമക്കേസുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) ഈ കേസുകളിലെല്ലാമായി പ്രതികളായിട്ടുള്ളവരുടെ എണ്ണം എത്രയാണ് ;

<u>പരവൂർ ഫയർസ്റ്റേഷന് വാഹനം</u>

4513. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ഫോഴ്സ് നവീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പുതിയ വാഹനങ്ങൾ വാങ്ങി ഫയർ സ്റ്റേഷനുകൾക്ക് നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ മന്ത്രിതല യോഗത്തിലെ തീരുമാനപ്രകാരം പരവൂർ ഫയർസ്റ്റേഷന് നൽകാമെന്ന് തീരുമാനമെടുത്ത വാഹനം എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>മാവേലിക്കര ചാരുംമൂട് ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി</u>

4514. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ പ്രധാന പട്ടണമായ ചാരുംമൂട് കേന്ദ്രമാക്കി ഒരു ഫയർ & റസക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചാരുമൂട് കേന്ദ്രമാക്കി ഒരു ഫയർ & റസക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചോ;

(സി) ചാരുംമൂട്, താമരക്കുളം, ചുനക്കര, പാലമേൽ, നൂറനാട്, വള്ളിക്കുന്നം പ്രദേശങ്ങളിൽ അത്യാഹിതം സംഭവിച്ചാൽ കായംകുളം, മാവേലിക്കര, അടൂർ സ്റ്റേഷനുകളിൽ നിന്നും ഫയർഫോഴ്സ് 15 കി.മീറ്ററിലധികം സഞ്ചരിച്ചാണ് ഇവിടെ എത്തിച്ചേരേണ്ടത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ചാരുംമൂട്ടിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>സാറ്റലൈറ്റ് ഫയർ **&** റസ്ക്യൂ സ്റ്റേഷൻ</u>

4515. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാറ്റലൈറ്റ് ഫയർ & റസ്ക്യൂ സ്റ്റേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കുമോ; എന്തെല്ലാം സേവനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) പ്രസ്തുത സ്റ്റേഷനുകൾ എത്രയെണ്ണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

<u>കരുനാഗപ്പള്ളി ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>

4516. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ, കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ സ്ഥലം ഉപയോഗപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിച്ച് മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>കോഴിക്കോട് റൂറൽ ഇന്റലിജൻസ്, സ്പെഷൽ ബ്രാഞ്ച് വിഭാഗം</u>

4517. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ ജില്ലയിൽ ഇന്റലിജൻസ്, സ്പെഷൽ ബ്രാഞ്ച് വിഭാഗങ്ങളിൽ അഞ്ച് വർഷത്തിലധികമായി ജോലി ചെയ്ത് വരുന്ന പോലീസ് ഉദ്യോഗസ്ഥരുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ തസ്തികകളിൽ മാത്രമായി ഇവരെ നിലനിർത്തിയതിന്റെ കാരണം വ്യക്തമാക്കുമോ?

<u>വിജിലൻസ് കേസുകൾ പിൻവലിക്കൽ</u>

4518. ശ്രീ.കെ.വി.വിജയദാസ്
,, പി.ടി.എ. റഹീം
,, കെ.കെ.നാരായണൻ
,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കേസുകൾ പിൻവലിക്കുന്നത് സംബന്ധിച്ച നയം വെളിപ്പെടുത്താമോ ;

(ബി) വിജിലൻസ് അന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ച കേസുകൾ സർക്കാർ പിൻവലിക്കുകയുണ്ടായോ ; പ്രോസിക്യൂഷൻ ഘട്ടത്തിലുള്ളവയും പിൻവലിക്കുകയുണ്ടായോ ;

(സി) ഈ സർക്കാർ പിൻവലിച്ച കേസുകൾ ഏതൊക്കെ ; പ്രതികൾ ആരൊക്കയായിരുന്നു ; അന്വേഷണം നടത്തി തുടർ നടപടി ആവസാനിപ്പിച്ചവ എത്ര ; ഏതൊക്കെ ;

(ഡി) പ്രസ്തുത കേസുകൾ പിൻവലിക്കുന്നതിന് നിയമോപദേശം വാങ്ങിയത് ആരിൽ നിന്നെല്ലാമായിരുന്നു ;

(ഇ) സർക്കാർ പിൻവലിക്കാൻ ഉത്തരവിട്ട ഏതെങ്കിലും കേസ്, കോടതി ഇടപെട്ട് തടയുകയുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ?

<u>വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കർമ്മ പരിപാടികൾ</u>

4519. ശ്രീ.പി.എ.മാധവൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി നിയമ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പുതിയ വിജിലൻസ് കോടതികളും ഹൈക്കോടതിയിൽ സ്പെഷ്യൽ ബെഞ്ചും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ജയിൽ ചട്ടങ്ങളുടെ</u>

4520. ശ്രീ.വി.റ്റി.ബൽറാം

,, എ.പി.അബ്ദുള്ളക്കുട്ടി

,, വി.പി.സജീന്ദ്രൻ

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ചട്ടങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ജയിലുകളുടെ നവീകരണത്തിന് എന്തെല്ലാം നിർദ്ദശങ്ങളാണ് ചട്ടങ്ങളിൽ വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ചട്ടങ്ങൾക്ക് എന്ന് മുതലാണ് പ്രാബല്യമുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>തടവുകാരുടെ മിനിമം വേതനം</u>

4521. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ തൊഴിലെടുക്കുന്ന തടവുകാർക്ക് നിലവിൽ മിനിമം വേതനം അനുവദിക്കുന്നുണ്ടോ; നിലവിൽ അനുവദിക്കുന്ന വേതനവും ആയതിന്റെ മാനദണ്ഡവും വ്യക്തമാക്കുമോ;

(ബി) തടവുകാരെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നതിലൂടെ ജയിൽ വകുപ്പിന് ലഭിക്കുന്ന വരുമാനത്തിന്റെ കഴിഞ്ഞ 5 വർഷത്തെ വിശദാംശങ്ങൾ നൽകുമോ;

(സി) തടവുകാർക്ക് മിനിമം വേതനം നൽകുന്നതിന് ശിപാർശ ചെയ്യുന്ന റിപ്പോർട്ടുകൾ ജയിൽ വകുപ്പിന്റെ മുന്നിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) തടവുകാരുടെ നിലവിലെ വേതന നിരക്കുകൾ വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

<u>കാസർകോട് ജില്ലാ ജയിലിന്റെ ആവശ്യകത</u>

4522. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ മുന്നൂറോളം തടവുകാരെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ജില്ലാ ജയിൽ നിർമ്മാണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>പതിച്ചു നൽകിയ വനഭൂമി</u>

4523. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മെയ് മാസത്തിനുശേഷം വിവിധ ആവശ്യങ്ങൾക്കായി എത്രമാത്രം വനഭൂമി സംസ്ഥാനത്ത് പതിച്ചു നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വനഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നും അതിൽ ഓരോ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എത്ര വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഓരോ ജില്ലകളിലും വിതരണം ചെയ്ത ഭൂമി</u>

4524. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മെയ് മുതൽ 2011 മെയ് വരെ വനാവകാശ നിയമപ്രകാരം എത്ര ഏക്കർ ഭൂമി എത്ര പേർക്കായി വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2011 ജൂണിനു ശേഷം ഇതുവരെ എത്ര ഏക്കർ ഭൂമി എത്ര പേർക്കായി വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കേന്ദ്ര വനാവകാശ നിയമ പ്രകാരം 2011 ജൂണിനു ശേഷം ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി ഭൂസർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് സർവ്വേ നടത്തിയത്; ഇതിൽ എത്ര ഏക്കർ ഭൂമി എത്ര പേർക്ക് വിതരണം ചെയ്യുന്നതിന് എഫ്. ആർ. സി ശുപാർശ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>വനം വകുപ്പിൽ നിന്നും വീട് നിർമ്മാണത്തിനാവശ്യമായ തടി</u>

4525. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിന്നും സ്വകാര്യ വ്യക്തികൾക്ക് വീട് നിർമ്മാണത്തിലേക്ക് ആവശ്യമായ തടി ലഭ്യമാക്കുന്നതിലേക്ക് നിലവിൽ വ്യവസ്ഥകൾ ഉണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ വ്യാപാരികളുമായി മത്സരിച്ച് തടി വാങ്ങുവാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കി നടപടികൾ ലഘൂകരിച്ച് വീട്ടു നിർമ്മണ ആവശ്യത്തിലേക്ക് വ്യക്തികൾക്ക് തടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബത്തിന് ധനസഹായം

4526. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബത്തിന് ധനസഹായം നൽകുന്ന പദ്ധതി പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപാ വരെയാണ് സഹായധനമായി അനുവദിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും. അതോടൊപ്പം നൽകേണ്ട രേഖകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

കേന്ദ്ര വനാവകാശ നിയമം

T 4527. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിൽ ആദിവാസി വിഭാഗങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന കേന്ദ്ര വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത കേന്ദ്രനിയമ പ്രകാരം ഏതൊക്കെ പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

കണ്ടൽ വനങ്ങളുടെ സംരക്ഷണം

4528. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഹെക്ടർ കണ്ടൽ വനങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) നശിപ്പിക്കപ്പെട്ട കണ്ടൽ വനങ്ങൾ വീണ്ടെടുക്കുന്നതിനും പുനസൃഷ്ടിക്കുന്നതിനുമായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വീണ്ടെടുത്ത ഭൂമി എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കടലാക്രമണ പ്രതിരോധത്തിന് കണ്ടൽ വച്ചുപിടിപ്പിക്കാനാവുന്ന മേഖലകളിൽ അതു വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കാട്ടുതീ

4529. **ശ്രീ.സി.മോയിൻ കുട്ടി**

**,,** ടി.എ.അഹമ്മദ് കബീർ

**,,** സി.മമ്മൂട്ടി

**,,** കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാല കാട്ടുതീയിൽ നിന്നും കാടുകളെ സംരക്ഷിക്കാൻ സ്വീകരിക്കുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ ;

(ബി) വനത്തിനുള്ളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും പ്രധാന മേഖലകളിൽ ജലലഭ്യത ഉറപ്പാക്കാനും നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ ;

(സി) തീപിടുത്തസാധ്യതാ പ്രദേശങ്ങൾ മുൻകൂർ തിരിച്ചറിയാറുണ്ടോ ; ഈ വർഷം അത്തരത്തിലെ എത്ര പ്രദേശങ്ങൾ കണ്ടെത്തി ; അവിടെ എവിടെയെങ്കിലും തീപിടുത്തം ഉണ്ടായിട്ടുണ്ടോ

<u>വനദീപ്തി പദ്ധതി</u>

4530. ശ്രീ.വി.ഡി.സതീശൻ

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുത്തിയ സ്വകാര്യ ഭൂമി</u>

4531. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോട് ചേർന്ന് കിടക്കുന്നതും, പട്ടയമുള്ളതും വർഷങ്ങളായി നികുതി ഒടുക്കി താമസിക്കുകയും കൃഷി ചെയ്തു വരുന്നതുമായ സ്വകാര്യ ഭൂമി പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുത്തിയത് വഴി പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്വകാര്യ ഭൂമി പരിസ്ഥിതി ലോല മേഖലയിലുൾപ്പെടുത്തിയത് ഒഴിവാക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ബാക്കിയെത്രയുണ്ടെന്നും ജില്ല തിരിച്ച് പറയാമോ ;

(സി) പരിസ്ഥിതി ലോല മേഖലയിൽ നിന്നും ഒഴിവാക്കി കിട്ടാൻ നിയമപരമായ അർഹതയുണ്ടെങ്കിൽ അത്തരം അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഫോറസ്റ്റ് റേഞ്ചുകളിലും സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യ വികസനം</u>

4532. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് റേഞ്ചുകളിലും സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഫോറസ്റ്റ് റേഞ്ചുകളിലും സ്റ്റേഷനുകളിലും വൈദ്യുതി, വെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഡിവിഷൻ

തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സൗകര്യങ്ങൾ ഇപ്പോഴും ലഭ്യമാകാത്ത സ്റ്റേഷനുകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന്റെ ഏതെങ്കിലും റേഞ്ചുകളിലോ സ്റ്റേഷനുകളിലോ വാഹനങ്ങൾ ഇല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും; എങ്കിൽ ഏതൊക്കെ റേഞ്ചുകളും സ്റ്റേഷനുകളുമാണെന്നും വ്യക്തമാക്കുമോ?

വനങ്ങളിൽ സംസ്ഥാനാതിർത്തി നിർണ്ണയം

4533. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനവുമായി അതിരു പങ്കിടുന്ന തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ അതിർത്തിമേഖലകളിലെ വനങ്ങളിൽ സംസ്ഥാനാതിർത്തി കൃത്യമായി വേർതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇരു സംസ്ഥാനങ്ങളുടെയും ഭാഗത്തു നിന്ന് ഇത്തരത്തിൽ വനാതിർത്തികളിലെ അതിരു കല്ലുകൾ മാറ്റി സ്ഥാപിച്ചുവഴി ആയിരക്കണക്കിന് ഏക്കർ സ്ഥലം നഷ്ടമായതായി വന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച നിജസ്ഥിതി ബോദ്ധ്യപ്പെടാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനാതിർത്തിയിലെ വനമേഖലകളിൽ കൃത്യമായി അതിർത്തി സ്ഥാപിക്കുന്നതിനും പ്രസ്തുത കൈയ്യേറ്റ ശ്രമങ്ങളെ തടയുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

നായരങ്ങാടി-കുട്ടിഷാപ്പ് പുറമ്പോക്ക് സ്ഥലത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

4534. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിൽപ്പെട്ട കോടശ്ശേരി വില്ലേജിലെ നായരങ്ങാടി-കുട്ടിഷാപ്പ് ദേശത്ത് പതിറ്റാണ്ടുകളായി വനം പുറമ്പോക്ക് സ്ഥലത്ത് താമസിച്ചുവരുന്ന 116 ഓളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ഇവർക്ക് പട്ടയം ലഭിയ്ക്കുന്നതിനായി വകുപ്പിന്റെ അനുമതി നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

വനവിഭവങ്ങളുടെ സംഭരണം

4535. ശ്രീ.വി.പി.സജീന്ദ്രൻ
,, ഹൈബി ഈഡൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുവാൻ ആദിവാസികൾക്ക് പരിശീലനം നൽകുമോ;

(ബി) ആദിവാസികൾക്ക് വനവിഭവങ്ങൾക്ക് ന്യായവില ലഭിക്കുവാൻ വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) വനവിഭവങ്ങൾ ഏതൊക്കെ സംവിധാനങ്ങളിലൂടെയാണ് വനംവകുപ്പ് സംഭരിക്കുന്നത്?

ചൂരൽമലയിൽ ശ്രീമതി രമ്യ മനോജിൻെറ വീട് പൊളിച്ചുമാറ്റൽ

4536. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വെള്ളരിമല വില്ലേജിൽപ്പെട്ട ചൂരൽമലയിൽ താമസിക്കുന്ന ശ്രീമതി രമ്യ മനോജിൻെറ വീട് വനം വകുപ്പ് അധികൃതർ പൊളിച്ചുമാറ്റിയതു സംബന്ധിച്ച് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താമസിച്ചുവരുന്ന വീട് പൊളിച്ച് മാറ്റാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ;

(സി) വീട് പൊളിച്ച് മാറ്റുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എല്ലാം വകുപ്പ് പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

വാച്ചർമാരുടെ സ്ഥിരപ്പെടുത്തൽ

4537. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഇരുപത് വർഷം പൂർത്തിയായ വാച്ചർമാരെ സ്ഥിരപ്പെടുത്തി 2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥിരപ്പെടുത്തുന്നതിന് 20 വർഷം എന്ന കാലയളവ് നിശ്ചയിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്;

(സി) മറ്റുവകുപ്പുകളിൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് 20 വർഷത്തിൽ കുറഞ്ഞ കാലയളവാണ് അർഹതാമാനദണ്ഡമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വനം വകുപ്പ് വാച്ചർമാരുടെ സ്ഥിരപ്പെടുത്തലിന്റെ കാര്യത്തിൽ സേവന കാലയളവ് 10 വർഷമായി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) 2015 ലെ സ്ഥിരപ്പെടുത്തൽ ഉത്തരവിൽ അർഹരായ പലരെയും ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; ആരെങ്കിലും വിട്ടുപോയിട്ടുണ്ടോയെന്ന് ഡിവിഷൻ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) സ്ഥിരപ്പെടുത്തുവാൻ അർഹതയുള്ളവരും 2015 ലെ ഉത്തരവിൽ ഉൾപ്പെടാതെപോയതുമായ മുഴുവൻ വാച്ചർമാരെയും സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വനം-വന്യജീവി മേഖലയിൽ വകയിരുത്തിയ **152** കോടി രൂപ

4538. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 -ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 86-ാം ഇനമായി വനം-വന്യജീവി മേഖലയിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 152 കോടി രൂപ വിനിയോഗിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് രൂപപ്പെടുത്തിയിട്ടുള്ളത് ; വിശദവിവരം നൽകുമോ ?

വന്യ മൃഗശല്യം

4539. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ വന്യമൃഗ ശല്യം കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വന്യജീവികളുടെ ആക്രമണം

4540. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ ആക്രമണത്തിന്നിരയായി ധനസഹായം ലഭിച്ചവരുടെ പേരു വിശദമാക്കുമോ;

(ബി) മനുഷ്യരെ ആക്രമിക്കുന്ന ഏതൊക്കെ വന്യജീവികളെ കൊല്ലാനാണ് അനുവാദം നൽകിയിരിക്കുന്നത്;

(സി) കർഷകരെ വന്യമൃഗആക്രമണത്തിൽ നിന്നും രക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ?

ആനവേട്ടയ്ക്കെതിരെ നടപടി

4541. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആനവേട്ട വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ആനവേട്ട തടയുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

പ്രകൃതി പാലകൻ പദ്ധതി

4542. ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.കെ.അജിത്
,, കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന ഭീഷണിയിൽ നിന്നും രക്ഷ നേടാൻ പൊതുജന പങ്കാളിത്തത്തോടെ പ്രകൃതി പാലകൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയിൻ കീഴിൽ എന്തെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഗാഡ്ഗിൽ - കസ്തൂരി രംഗൻ റിപ്പോർട്ട്

4543. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ - കസ്തൂരി രംഗൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, പശ്ചിമഘട്ട മേഖലകളിൽ നടപ്പാക്കേണ്ട വിവിധ നിയന്ത്രണങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പശ്ചിമഘട്ട മേഖലയിലെ കർഷകർക്ക്, അവരുടെ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ ;

(സി) പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇത്തരം മേഖലകളിൽ നിലവിൽ ജീവിച്ചുവരുന്നവർക്ക് ഇവിടെനിന്നും താമസം മാറ്റേണ്ടിവരുമോ ; ജനങ്ങളുടെ ആശങ്കയകറ്റാൻ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് എന്തെന്ന് വ്യക്തമാക്കാമോ ?

<u>കാലാവസ്ഥാ വ്യതിയാനം</u>

4544. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനം മൂലം ഉണ്ടാകുന്ന ദോഷഫലങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>ദേശീയ ഗെയിംസിനായി വാടകയ്ക്കെടുത്ത വാഹനങ്ങളുടെ വാടകക്കുടിശ്ശിക</u>

4545. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ ആവശ്യത്തിനായി എത്ര വാഹനങ്ങൾ വാടകയ്ക്ക് എടുത്തിരുന്നു, വാടകയിനത്തിൽ എത്ര രൂപ ചെലവായി എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) വാഹനങ്ങൾ വാടകയ്ക്ക് എടുത്ത വകയിൽ വാഹന ഉടമകൾക്ക് വാടക പൂർണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) വാടകക്കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ദേശീയ ഗെയിംസ് മെഡൽ ജേതാക്കൾക്ക് സർക്കാർ ജോലി</u>

4546. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ദേശീയ ഗെയിംസിൽ കേരളത്തിനുവേണ്ടി മെഡൽ നേടിയ എത്ര കായിക താരങ്ങൾക്ക് സംസ്ഥാനത്ത് സർക്കാർ ജോലി നൽകാൻ തീരുമാനിച്ചിട്ടുണ്ട് ; അവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത താരങ്ങൾക്ക്നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന സർക്കാർ ,സംസ്ഥാനത്ത് സർക്കാർ തൊഴിൽ വാഗ്ദാനം ചെയ്തിരുന്ന ദേശീയ അന്തർദേശീയ മേളകളിൽ മികവ് കാട്ടിയവരിൽ ആർക്കെല്ലാം ഇനിയും നിയമനം നൽകിയിട്ടില്ല എന്നുള്ളതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ചെലവ്</u>

4547. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഓരോയിനത്തിലും ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഓരോ ഉപകരണത്തിനും എത്ര തുക ചെലവായി എന്നും എത്ര വീതം ഉപകരണങ്ങൾ വാങ്ങിയെന്നും വ്യക്തമാക്കുമോ;

(സി) അനുബന്ധ കാര്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ദേശീയ ഗെയിംസിന്റെ നടത്തിപ്പിലെ അഴിമതി

4548. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ അഴിമതി ആരോപിച്ച് വിവിധ കമ്മിറ്റികളിൽ നിന്നും എത്ര എം.എൽ.എ. മാർ രാജിവച്ചിരുന്നു;

(ബി) ദേശീയ ഗെയിംസിന്റെ വിവിധ കമ്മിറ്റികളിൽ നിന്നും രാജിവച്ച എം.എൽ.എ. മാർ ആരൊക്കെയാണ്; പാർട്ടി തിരിച്ച് വിശദാംശം നൽകാമോ?

### ദേശീയ ഗെയിംസിന്റെ നടത്തിപ്പുമായി നടന്ന അന്വേഷണങ്ങൾ

4549. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന ദേശീയ ഗെയിംസ് നടത്തിപ്പ് സംബന്ധിച്ച് ലോക്കൽ ഫണ്ട് വകുപ്പിന്റെ പരിശോധനയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിരുന്നോയെന്നറിയിക്കുമോ; ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ദേശീയ ഗെയിംസുമായി ആരോപിച്ച ക്രമക്കേടുകൾ സംബന്ധിച്ച് സി.ബി.ഐ. നടത്തിയ അന്വേഷണത്തിൽ ആവശ്യപ്പെട്ട മുഴുവൻ രേഖകളും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അധികൃതർ നൽകിയിരുന്നോയെന്നു വിശദമാക്കുമോ ?

### സ്പോർട്സ് ക്വാട്ടാ നിയമനം

4550. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും എത്ര കായികതാരങ്ങൾക്കാണ് സർക്കാർ സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകുന്നത് ;

(ബി) 2010 മുതലുള്ള നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുപ്രകാരം എത്ര കായികതാരങ്ങൾക്ക് ജോലി നൽകാനുണ്ട് ;

(സി) കായികതാരങ്ങൾക്കുള്ള ഒഴിവുകൾ യഥാസമയം കണക്കാക്കി ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

### തൃക്കരിപ്പൂർ നടക്കാവ് ആർട്ടിഫിഷ്യൽ ഗ്രൗണ്ടിന്റെ ഗാലറി നിർമ്മാണം

4551. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ പഞ്ചായത്തിലെ നടക്കാവ് വലിയ കൊല്ലൽ മൈതാനിയിൽ നിർമ്മാണമാരംഭിച്ച ആർട്ടിഫിഷ്യൽ ഗ്രൗണ്ടിന്റെ സംരക്ഷണാർത്ഥം ഈ ഗ്രൗണ്ടിന് ചുറ്റും ഗാലറി നിർമ്മിക്കുന്നതിന് നേരത്തെ അനുവദിച്ച 4.60 കോടിയിൽ നിന്നും തുക അനുവദിച്ച് പ്രവൃത്തിക്ക് അനുമതി നൽകുമോ?

വിദ്യാലയങ്ങൾക്ക് പരിശീലന ഗ്രൗണ്ടുകൾ

4552. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക പരിശീലനത്തിനും കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും മിക്ക സർക്കാർ /എയ്ഡഡ് വിദ്യാലയങ്ങൾക്കും ഗ്രൗണ്ടുകൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാനും കായിക താരങ്ങളെ, ശരിയായ പരിശീലനം നൽകി വളർത്തിയെടുക്കാനും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നു പറയാമോ ;

(ബി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും കായിക പരിശീലനത്തിനും, കായിക മേളകൾക്കും യോജിച്ച ഗ്രൗണ്ടുകളും സ്റ്റേഡിയങ്ങളും നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

ഒറ്റപ്പാലം ഫിലിംസിറ്റി

T 4553. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ഫിലിംസിറ്റി പദ്ധതിക്ക് 2011-12 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയെത്ര ; ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പദ്ധതി പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ;

(സി) പദ്ധതിയിൽ സ്വകാര്യപങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പദ്ധതി നടത്തിപ്പിന് എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത് ?

മൂന്നാറിൽ ഫിലിം ആർക്കൈവ്സ്

T 4554. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ഫിലിം ആർക്കൈവ്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ;

(സി) ഫിലിം ആർക്കൈവ്സ് പൂർത്തിയാക്കാൻ എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിരുന്നത് ; ഇപ്പോൾ എത്ര തുക ചെലവായെന്ന് അറിയിക്കുമോ ?

പന്തൽ, ടെന്റ്, ലൈറ്റ് ആൻഡ് സൗണ്ട്, ഡെക്കറേഷൻ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധി

4555. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തൽ / ടെന്റ് ലൈറ്റ് ആൻഡ് സൗണ്ട്/ഡെക്കറേഷൻ രംഗത്ത് പ്രവർത്തിക്കുന്നവർ ഒരു ക്ഷേമനിധിയിലും പെട്ടിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവരെ 2010ലെ കേരള സാംസ്കാരിക പ്രവർത്തകൻ എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇവർക്ക് സാംസ്കാരികക്ഷേമനിധി ഏർപ്പെടുത്തുന്നതിന് ഏതെങ്കിലും തടസ്സം നിലവിലുണ്ടോ ;

(സി) ഈ വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ ക്ഷേമനിധി ബോർഡിൽ ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ഒരു

തീരുമാനവും സ്വീകരിക്കാതെ നീട്ടികൊണ്ടുപോകാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവർക്ക് നടപ്പിലാക്കിയ പദ്ധതി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

<u>മിനിസ്റ്റീരിയൽ ജീവനക്കാരുടെ അപര്യാപ്തത</u>

4556. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ കുറവുമൂലം ഓഫീസ് പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മിനിസ്റ്റീരിയൽ വിഭാഗത്തിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും തസ്തിക തിരിച്ച് വിശദമാക്കാമോ ;

(സി) പി.എസ്.സി നിയമനം വരുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലികമായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ?

<u>എ.സി. ലോ ഫ്ലോർ ബസ്</u>

4557. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേക്ക് എ.സി. ലോ ഫ്ലോർ ബസ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോയ്ക്ക് എ.സി. ലോ ഫ്ലോർ ബസ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സർവ്വീസ് മാവേലിക്കരയിൽ നിന്നും ഗുരുവായൂരിലേക്കോ, തിരുവനന്തപുരത്തേക്കോ ആരംഭിക്കുന്നതിനുള്ള ഫീസിബിലിറ്റി സ്റ്റഡി അടക്കം ആയത് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>കെ എസ് ആർ ടി സി യിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ പുനർനിയമനം</u>

4558. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ എസ് ആർ ടി സി യിൽ നിന്നും വിരമിച്ച ഏതെല്ലാം ഉദ്യോഗസ്ഥർക്ക് കെ എസ് ആർ ടി സി യിൽ പുനർനിയമനം നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരെ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചതെന്നും അവരുടെ ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

<u>കെ.എസ്.ആർ.ടി.സി ബസുകളിൽ സൗജന്യ യാത്ര</u>

4559. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ സൗജന്യ യാത്ര അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു നടപ്പാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാസൗജന്യം

4560. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാസൗജന്യം അനുവദിച്ച 31.01.2015-ലെ ഉത്തരവ് തിരുത്താനിടയാക്കിയ സാഹചര്യം വിശദമാക്കുമോ; എന്തൊക്കെ പിശകാണ് പ്രസ്തുത ഉത്തരവിലുണ്ടായിരുന്നത്; തിരുത്തിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ ഉത്തരവു പ്രകാരം 12-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും യാത്രാസൗജന്യം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി.

4561. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി. എന്നിവയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് കെ.യു.ആർ.ടി.സി. മുഖാന്തരം സർവ്വീസ് നടത്തുന്ന എത്ര ബസ്സുകളുണ്ട്; എത്ര ഡ്രൈവർ, കണ്ടക്ടർ തസ്തികകൾ ഉണ്ട്; പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി വിശദമാക്കാമോ ;

(സി) അനുവദിച്ച ബസ്സുകളിൽ എത്ര എണ്ണം ഇനി നിരത്തിലിറങ്ങാനുണ്ട് ; പുതിയതായി എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ട് ;

(ഡി) 2017 മാർച്ച് അവസാനം വരെ കെ.എസ്.ആർ.ടി.സി. യിൽ ഉണ്ടാകാനുള്ള ഡ്രൈവർ, കണ്ടക്ടർ തസ്തികകളുടെ നിലവിലെ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ ?

കെ.എസ്.ആർ.ടി.സി.യിൽ ഓൺലൈൻ റിസർവേഷൻ

4562. **ശ്രീ.ബെന്നി ബെഹനാൻ**

**,,** കെ.എസ്.ശബരീനാഥൻ

**,,** ലൂഡി ലൂയിസ്

**,,** ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

റോഡ് സേഫ്റ്റി അതോറിറ്റിയുടെ പദ്ധതികൾ

4563. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ റോഡ് സേഫ്റ്റി അതോറിറ്റിയുടെ ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ; നിയോജക മണ്ഡലം തിരിച്ച് വിശദമാക്കാമോ ;

(ബി) റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും പദ്ധതികൾക്ക് /സ്കീമുകൾക്ക് ധനസഹായമനുവദിക്കുന്നതിന്റെ മാനദണ്ഡവും മാർഗ്ഗരേഖയും വിശദമാക്കാമോ ;

<u>വാഹന അപകടങ്ങൾ മൂലമുള്ള മരണങ്ങളുടെ വർദ്ധനവ്</u>

4564. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന അപകടങ്ങൾ മൂലമുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) മോട്ടോർ വാഹന വകുപ്പ് ഡ്രൈവർമാർക്കായി നടത്തിയിരുന്ന ബോധവത്ക്കരണക്ലാസ്സുകൾ ഇപ്പോൾ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; മുടക്കം കൂടാതെ ഇത്തരം ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(സി) പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനമോടിക്കുന്നതും ഇത് മൂലമുണ്ടാകുന്ന അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിന് ശക്തമായ നടപടി സ്വീകരിയ്ക്കുമോ ?

<u>വടകര-തൊട്ടിൽപാലം ചെയിൻ സർവ്വീസ്</u>

4565. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-തൊട്ടിൽപാലം ചെയിൻ സർവ്വീസ് കെ.എസ്.ആർ.ടി.സി ആരംഭിക്കാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ബസ്സുകളുടെ കുറവാണ് ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സമെങ്കിൽ എം.എൽ.എയുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ബസ്സുകൾ വാങ്ങി ചെയിൻ സർവ്വീസ് തുടങ്ങുവാൻ സാധിക്കുമോ ;

(സി) ഇക്കാര്യത്തിൽ സർക്കാരിന് ഉറപ്പ് നൽകുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

<u>ചെറായി ബീച്ച് - മൂന്നാർ ബസ് സർവ്വീസ്</u>

4566. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളായ ചെറായി ബീച്ചിനെയും മൂന്നാറിനെയും ബന്ധപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ബസ് സർവ്വീസ് പ്രവർത്തനം നിലച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് നിർത്തുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സർവ്വീസിന് ലഭിച്ചിരുന്ന ശരാശരി പ്രതിദിന കളക്ഷൻ എത്രയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ;

(ഇ) സർവ്വീസ് എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ജൻറം ബസ്സുകൾക്കായി കമ്പനി</u>

4567. ശ്രീ.സി.പി.മുഹമ്മദ്

,, വി.ഡി.സതീശൻ

,, അൻവർ സാദത്ത്

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻറം ബസ്സുകൾക്കായി കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(സി) കമ്പനിയുടെ ഘടനയും പ്രവർത്തനരീതിയും എങ്ങനെയായിരിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) കമ്പനിയുടെ പ്രവർത്തനത്തിനായി കേന്ദ്ര നഗരവികസന വകുപ്പ് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>വാണിജ്യ സമുച്ചയങ്ങളുടെ പ്രവർത്തനം</u>

4568. ശ്രീ.എളമരം കരീം

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, സി.കൃഷ്ണൻ

,, പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ വാണിജ്യ സമുച്ചയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ; ഏതെല്ലാം സ്ഥലങ്ങളിലായിരുന്നു വാണിജ്യ സമുച്ചയപദ്ധതികൾ ആവിഷ്കരിച്ചിരുന്നത്; അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണ്; ഓരോ പദ്ധതിക്കും ലക്ഷ്യമിട്ടിരുന്ന തുക എത്ര; ഇതിനകം ചെലവായതെത്ര;

(ബി) തമ്പാനൂർ ബസ് ടെർമിനൽ ഉദ്ഘാടനം ചെയ്തത് എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയതിനു ശേഷമായിരുന്നുവോ; ഉദ്ഘാടനത്തിനുശേഷം നടന്ന പ്രവൃത്തികളും ചെലവും സംബന്ധിച്ച് വിശദമാക്കാമോ;

(സി) തമ്പാനൂരിലെ ബഹുനില മന്ദിരത്തിന്റെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; പ്രസ്തുത മന്ദിരത്തിലെ മൊത്തം വാണിജ്യസൗകര്യങ്ങളിൽ എത്ര ശതമാനം ഇപ്പോഴും ഉപയോഗിക്കപ്പെടാതെ കിടക്കുന്നുണ്ട്; അവ വാടകയ്ക്ക് നൽകാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ?

<u>സ്വകാര്യ ബസ് സർവ്വീസ് രംഗത്തെ പ്രശ്നങ്ങൾ</u>

4569. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ് സർവ്വീസ് രംഗത്തെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്വകാര്യ ബസ്സുകൾ പൂർണ്ണമായും സർവ്വീസ് നടത്താത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പെരുമ്പാവൂരിൽ നിന്നും ചുണ്ടക്കുഴി-ചെട്ടിനട, നെടുങ്കണ്ണി-മീമ്പാറ-ചൂരമുടി മുതലായ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന ബസ്സുകൾ ഏതെല്ലാമാണ്.

(ഡി) പ്രസ്തുത റൂട്ടിലെ ഏതെങ്കിലും സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) നിർത്തലാക്കിയ സർവ്വീസുകൾ പുനരാംരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) അകാരണമായി ബസ് സർവ്വീസുകൾ ഒഴിവാക്കുന്നവർക്കെതിരെ നടപടി സ്വീകരിയ്ക്കുമോ?

<u>നായരമ്പലം നെടുങ്ങാട് പ്രദേശത്തെ ഗതാഗത പ്രശ്നം</u>

4570. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം നെടുങ്ങാട് പ്രദേശത്തെ രൂക്ഷമായ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) നിലവിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ സ്ഥിരമായി ട്രിപ്പുകൾ മുടക്കുന്നതു സംബന്ധിച്ച പ്രദേശവാസികളുടെ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പ്രദേശത്ത് ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ?

<u>പയ്യന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ബസുകളുടെ അപര്യാപ്തത</u>

4571. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ എത്ര ബസുകൾ നിലവിലുണ്ടെന്നും ഷെഡ്യൂളുകൾക്ക് ആനുപാതികമായി എത്ര ബസുകൾ ആവശ്യമാണെന്നും വിശദമാക്കാമോ;

(ബി) ബസുകളുടെ അപര്യാപ്തത മൂലം പല ഷെഡ്യൂളുകളും റദ്ദാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ബസുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം</u>

4572. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് ബേയിലെ ടാർ ജോലികൾ അവസാനമായി എന്നാണ് ചെയ്തതെന്നും ഇതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും കരാർ ഏറ്റെടുത്തത് ആരാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ബസ് ബേ ആകെ പൊട്ടിപ്പൊളിഞ്ഞ് കുഴികൾ രൂപപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചെന്നു വ്യക്തമാക്കാമോ ?

<u>മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

4573. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള എന്തെങ്കിലും പ്രവർത്തനങ്ങൾ വകുപ്പിനെ ഒഴിവാക്കി മറ്റ് സംവിധാനങ്ങൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഞാറയ്ക്കലിൽ കെ.എസ്.ആർ.ടി.സി ഡിപ്പോ

4574. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശമായ വൈപ്പിനിലെ ഞാറയ്ക്കലിൽ പുതുതായി കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ലഭ്യമായിരിക്കെ അനുകൂലമായ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കരുനാഗപ്പള്ളി കെ എസ് ആർ ടി സി ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം

4575. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ എസ് ആർ ടി സി ഡിപ്പോയിൽ അനുവദിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തൊട്ടിൽപാലം-ബാംഗ്ലൂർ സൂപ്പർ എക്സ്പ്രസ് സർവ്വീസ്

4576. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപാലം സബ് ഡിപ്പോയിൽ നിന്നും ബാംഗ്ലൂരിലേക്ക് സർവ്വീസ് നടത്തുന്ന സൂപ്പർ എക്സ്പ്രസ് ബസ് പല ദിവസങ്ങളിലും സർവ്വീസ് നടത്താത്തതു മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തൊട്ടിൽപാലം-ബാംഗ്ലൂർ സൂപ്പർ എക്സ്പ്രസ് സർവ്വീസ് മുടങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റൂട്ടിലെ ഏക ബാംഗ്ലൂർ ബസ് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ?

മാല്യങ്കരപ്പാലം വഴിയുള്ള ബസ്സ് സർവ്വീസുകൾ

4577. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയെ മലബാർ മേഖലയുമായി ബന്ധിപ്പിക്കുന്ന മാല്യങ്കരപ്പാലം വഴി നിലവിലുള്ള സർവ്വീസുകൾ തീർത്തും അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാല്യങ്കരപ്പാലം വഴി സർവ്വീസ് നടത്തുന്ന ബസ്സുകളുടെ സമയക്രമം പുനഃക്രമീകരിച്ച് പീക്ക് അവേഴ്സിൽ ( രാവിലെയും വൈകിട്ടും ) കൂടുതൽ സർവ്വീസുകൾ ക്രമപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ ;

(സി) മാല്യങ്കരപ്പാലം വഴി കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ;

(ഡി) ഏറെ തിരക്കുള്ള രാവിലെയും വൈകിട്ടും, പറവൂർ - ചെറായി - മാല്യങ്കര - മൂത്തകുന്നം - പറവൂർ ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കരുനാഗപ്പള്ളിയിൽ നിന്നുള്ള ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ

4578. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.റ്റി.സി ഡിപ്പോയിൽ നിന്ന് ഏതെല്ലാം ഇന്റർ സ്റ്റേറ്റ് സർവ്വീസുകളാണ് ഇപ്പോൾ നടത്തുന്നത്;

സ്വകാര്യബസ്സുകൾക്ക് പെർമിറ്റ്

4579. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദീർഘദൂര റൂട്ടുകളിലും, ക്ലാസ്സിഫൈഡ് റൂട്ടുകളിലും സ്വകാര്യബസ്സുകൾക്ക് പെർമിറ്റ് കാലാവധി തീരുന്ന മുറയ്ക്ക് ഇനി പുതുക്കി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിരുന്നോ ; പ്രസ്തുത റൂട്ടുകളിൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനായി എത്ര കെ എസ് ആർ ടി സി സർവ്വീസുകൾ ആണ് ആരംഭിച്ചത് ; ഇതുവഴി കെ എസ് ആർ ടി സി ക്ക് അധികമായി ലഭിച്ചവരുമാനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റൂട്ടുകളിൽ വീണ്ടും സ്വകാര്യബസുകൾക്ക് പെർമിറ്റുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;എങ്കിൽ ഇത്തരത്തിൽ ഒരു തീരുമാനമെടുക്കാനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ നേരത്തേ എത്ര ബസുകൾക്ക് ഏതൊക്കെ റൂട്ടുകളിലായിട്ടാണ് പെർമിറ്റ് നൽകിയിരുന്നത് ; ഇവയെല്ലാം തന്നെ പുന:സ്ഥാപിക്കുന്നതിനാണോ തീരുമാനമെടുത്തിട്ടുള്ളത് ; അതോ പുതിയ റൂട്ടുകളുൾപ്പെടെയുള്ളവയ്ക്കും ഇതോടൊപ്പം പെർമിറ്റ് നൽകുന്നതിനാണോ തീരുമാനമെടുത്തിട്ടുള്ളത് ;

(ഡി) സ്വകാര്യ ബസുകൾ വരുന്നതോടെ നിലവിൽ ഓടുന്ന കെ.എസ്.ആർ.റ്റി.സി സർവ്വീസുകൾ പിൻവലിക്കുമോ ; ഇവയുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് എടുക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ ;

(ഇ) തകർച്ചയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.റ്റി.സി യെ രക്ഷിക്കാനുതകുമായിരുന്ന പ്രസ്തുത പദ്ധതി കൂടുതൽ ശക്തമായി നടപ്പാക്കുന്നതിനും, സ്വകാര്യ ബസ് പെർമിറ്റുകൾ നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

**2012-**ൽ ഒക്ടോബർ **31** വരെ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

T 4580. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ ഒക്ടോബർ 31 വരെ സംസ്ഥാനത്ത് എത്ര പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ വാഹനങ്ങൾ ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷമാണോ രജിസ്റ്റർ ചെയ്യാറുള്ളത്;

(സി) ഓരോ ജില്ലയിലും ആർ.ടി. ഓഫീസുകളിലും 2012 ജനുവരി ഒന്നു മുതൽ രജിസ്റ്റർ ചെയ്ത ആദ്യ നമ്പറുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ വർഷം രജിസ്റ്റർ ചെയ്ത വാഹനങ്ങളിൽ മോട്ടോർ വാഹന നിയമം ലംഘിച്ച് സുതാര്യമല്ലാത്ത ഗ്ലാസ്സുകൾ ഫിറ്റ് ചെയ്ത എത്ര വാഹനങ്ങളിൽ നിന്നും അവ നീക്കം ചെയ്യിച്ചിട്ടുണ്ട്; നിയമം പാലിക്കാത്ത എത്ര വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട് ;വിശദാംശം വെളിപ്പെടുത്താമോ?

## സ്വകാര്യ ബസ്സ് സമരങ്ങൾ മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

4581. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടി ഉണ്ടാകുന്ന സ്വകാര്യ ബസ്സ് സമരങ്ങൾ മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അവസരങ്ങളിൽ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മതിയായ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ഏർപ്പെടുത്താറുണ്ടോ ; ഇല്ലെങ്കിൽ ആയതിന് പ്രത്യേക ശ്രദ്ധനൽകുമോ?

## മോട്ടോർ വാഹന വകുപ്പ് ഓഫീസുകളുടെ പ്രവർത്തനം

4582. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) ഡ്രൈവിംഗ് ലൈസൻസ് ഉൾപ്പെടെയുള്ള രേഖകൾ ഉടമയ്ക്ക് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് എത്തിച്ചുകൊടുക്കുന്നതെന്നു വ്യക്തമാക്കുമോ ;

(സി) അംഗീകൃത തിരിച്ചറിയൽ രേഖകളുമായി ഹാജരാകുന്നവർക്ക് രേഖകൾ നേരിട്ട് കൈമാറാൻ വ്യവസ്ഥയുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വകുപ്പിന്റെ ഓഫീസുകളിൽനിന്നും നേരിട്ട് കൈമാറിയ രേഖകൾ എത്രയെന്നും, സ്പീഡ് പോസ്റ്റ് വഴി അയച്ചവ എത്രയെന്നും ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, | പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, | സെക്രട്ടറി.
13-07-2015

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.